

# ചെറു ചിരാതുകൾ

സി. ബെസി എസ്.ജെ.സി

ഈ കുഞ്ഞു മൺചിരാതുകൾ പരത്തുന്ന പൊൻപ്രഭ
ജീവിത യാത്രയുടെ ചവിട്ടുപടികളിൽ
അൽപമെങ്കിലും വെളിച്ചം നൽകാൻ ഉതകുന്നതാവട്ടെ...

St. Joseph's
Congregation
Kottayam

# ചെറു ചിരാതുകൾ

(കുട്ടികൾക്കുള്ള സാരോപദേശ കഥകൾ)

സി. ബെസി. എസ്.ജെ.സി

# *Cheru Chirathukal*

Editor : Sr. Bessy SJC

Cover Design : Joshi Vincent

Layout : Sudha Raju


Published by : St. Joseph's Congregation

First Edition : April 2021

Printed at : R C H Press Kaipuzha

Copy right : Superior General
St. Joseph's Generalate
S.H Mount P.O
Kottayam, 686006
Kerala

***Rs. 50/-***



# സന്ദേശം

**ചെ**റു ചിരാതുകൾ നന്മയുടെ പ്രകാശം പരത്തുന്ന നിറക്കൂട്ടാണ്. ഇളം മനസ്സുകളുടെ പ്രതിഫലനംതന്നെയാണ് ഈ അക്ഷരക്കൂട്ടങ്ങളിൽ തെളിഞ്ഞുനിൽക്കുന്നത്. 'കഥകളിലൂടെയും കളികളിലൂടെയും കാര്യങ്ങളിലേക്ക്' എന്ന കുട്ടികളുടെ മന:ശാസ്ത്രം മനസ്സിലാക്കി കൊച്ചുകൊച്ചു ചിത്രങ്ങളും കഥകളും ഉൾപ്പെടുത്തിക്കൊണ്ട് സി. ബെസി രചിച്ച ഈ ചെറിയ പുസ്തകം വലിയ ആഹ്ളാദത്തോടെ വായിച്ചുതീർക്കാവുന്നതാണ്. കുട്ടികൾക്കു മാത്രമല്ല മുതിർന്നവർക്കും ഈ പുസ്തകം വായിച്ചുകഴിയുമ്പോൾ ഒരു ചെറു ചിരാതിന്റെ പ്രകാശം പരത്തുവാനുള്ള ഉൾപ്രേരണ ലഭിക്കും.

"ഞാൻ ലോകത്തിന്റെ പ്രകാശമാണ്." (യോഹ 8:12) എന്നരുളിച്ചെയ്ത ക്രിസ്തുവിനെ അനുകരിക്കുന്നവരായ നമ്മുടെ ജീവിതത്തിലും ഈ ചെറിയ ഗ്രന്ഥം ഒരു മിന്നാമിനുങ്ങിന്റെ നുറുങ്ങുവെളിച്ചമായി ശോഭിക്കട്ടെ.

കുട്ടിക്കാലത്തു കേൾക്കുന്ന കഥകളിലൂടെ മൂല്യബോധത്തിന്റെ വിത്തുകൾ കുട്ടികളുടെ മനസ്സിൽ വിതയ്ക്കുവാൻ കഴിയും. ഇനിയും ഇതുപോലെയുള്ള ധാരാളം പുസ്തകങ്ങൾ രചിക്കുവാൻ സി. ബെസിക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

പ്രകാശംതന്നെയായ ഈശോ ഈ ഗ്രന്ഥമെഴുതിയ സിസ്റ്ററിനെയും ഇതിന്റെ അനുവാചകരെയും പ്രകാശപൂരിതമാക്കട്ടെ. കാലഘട്ടത്തിന്റെ കാപട്യം തിരിച്ചറിഞ്ഞ് ഒരു സത്യധർമ്മസംസ്കാരത്തിന് വഴിതുറന്നുകൊടുക്കുവാൻ ഈ പുസ്തകം സഹായിക്കട്ടെ എന്ന് ആശംസിക്കുന്നു.

CATHOLIC METROPOLITAN'S HOUSE KOTTAYAM-1, KERALA

+ Mathew Moolakkatt OSB

മാർ മാത്യു മൂലക്കാട്ട്
കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത



# ആശംസ

പ്രകാശിതമാകട്ടെ ഈ ചെറു ചിരാതുകൾ. ദീപാലങ്കാരംപോലെ പ്രശോഭിതമാണ് ഇതിലെ ഓരോ കഥയും അതിന്റെ പിന്നിലെ സന്ദർഭങ്ങളും. "ഞാൻ ലോകത്തിന്റെ പ്രകാശമാണ്" എന്നരുളി ച്ചെയ്ത നിത്യ പ്രകാശമായ ഈശോയിലെത്താനുള്ള യാത്രയിലാണ് ഓരോ മനുഷ്യനും.

ഈ പുസ്തകത്തിലെ ഓരോ വരിയും ഒത്തിരിയേറെ ജീവിതാനുഭവങ്ങളും നല്ല പാഠങ്ങളും നൽകി നമ്മെ പ്രചോദിതരാക്കുന്നു. മനുഷ്യമനസ്സിനെ നന്മയുടെ വിളനിലമാക്കിത്തീർക്കുവാനുള്ള ആഹ്വാനമാണിതിൽ നിറയെ. ചുറ്റുപാടുകളിൽനിന്നും ചുറ്റുമുള്ളവരിൽനിന്നും ആത്മീയ ഗ്രന്ഥങ്ങളിൽനിന്നും ആർജ്ജിച്ച ജീവിതപൊരുളുകൾ ആർക്കും ഗ്രഹിക്കാവുന്നവിധം ലളിതമായി ഈ കഥകളിൽ നിക്ഷേപിച്ചിരിക്കുന്നു. മരുവഴിയിൽ വായനക്കാർക്ക് ഈ ഗ്രന്ഥം കരുത്തുനൽകട്ടെ.

എല്ലാവരിലും ദൈവീകാവബോധം വളർത്തുവാനും കരുണയുടെ തിരിതെളിക്കുവാനും, തന്റെ ഔദ്യോഗിക അധ്യാപക ശുശ്രൂഷയുടെ തിരക്കിനിടയിലും സി. ബെസിക്ക് സാധിച്ചതിന്റെ സത്ഫലമാണ് ഈ കഥാസമാഹാരം. മലയിലുയർത്തിയ ദീപംപോലെ 'ചെറു ചിരാതുകൾ' ലോകമെങ്ങും പ്രകാശം ചൊരിയട്ടെ എന്ന് സ്നേഹപൂർവ്വം ആശംസിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

പ്രാർത്ഥനാശംസകളോടെ

**റവ. സി. അനിത എസ്. ജെ. സി**
സുപ്പീരിയർ ജനറൽ
സെന്റ് ജോസഫ്സ് കോൺഗ്രിഗേഷൻ
കോട്ടയം



# അവതാരിക

**ചി**രാതുകളെല്ലാം പ്രകാശം പരത്തുന്ന, അതുവഴി അന്ധകാരത്തെ ഇല്ലായ്മ ചെയ്യുന്ന, മനസ്സുകളെ വിമലീകരിക്കുന്ന, ഹൃദയത്തെ വിശുദ്ധമാക്കുന്ന, നന്മയിലേക്കു നയിക്കുന്ന നിറദീപങ്ങൾ തന്നെ. അൻപത്തിയാറു വർഷത്തെ അനുഭവസമ്പത്തിന്റെ ഉൾക്കരുത്തിലൂന്നിനിന്ന് മുപ്പത്തിയൊന്നുവർഷത്തെ അധ്യാപകജീവിതത്തിന്റെ സുകൃത സരണിയിൽ, ഉറവപൊട്ടിയ സിസ്റ്റർ ബെസി എസ്.ജെ.സി.യുടെ 'ചെറുചിരാതുകൾ' എന്ന കൃതിക്ക്, അവതാരിക എഴുതുവാൻ സാധിക്കുന്നത് ഒരു ബഹുമതിയായി ഞാൻ കരുതുന്നു. കാരണം കുട്ടികൾക്കുവേണ്ടി എഴുതിയ കഥകളിലും അനുഭവക്കുറിപ്പുകളിലും നന്മയുടെ നറുമലരുകൾ ദർശിക്കാനാകുന്നു. അതിൽ ഭാവനയുടെ നിറക്കൂട്ടുണ്ട്; അന്വേഷണത്തിന്റെ ജിജ്ഞാസയുണ്ട്; പ്രചോദനത്തിന്റെ ആവിഷ്കാരമുണ്ട്; സ്നേഹത്തിന്റെ ലാളനയുണ്ട്; സൗഹൃദത്തിന്റെ ശോഭയുണ്ട്; ഗുരുശിഷ്യബന്ധത്തിന്റെ വിശുദ്ധിയുണ്ട്; എല്ലാറ്റിലുമുപരി  ദൈവത്തെ കണ്ടുമുട്ടിയതിന്റെയും കാട്ടിക്കൊടുത്തതിന്റെയും സന്തോഷവും സാഫല്യവുമുണ്ട്.

'ഉണ്ണിക്കുട്ടനും അമ്മയും പിന്നെ ലോഗോസും' എന്ന കഥയിൽ കർത്താവിനു കടം കൊടുക്കുന്നത് ആര് എന്ന ചോദ്യത്തിന്റെ മുമ്പിൽ കൺഫ്യൂസ്ഡ് ആയ കുട്ടിയെ അമ്മ എത്തിക്കുന്നത്, "ദരിദ്രനോടു ദയ കാണിക്കുന്നവൻ കർത്താവിനാണ് കടം കൊടുക്കുന്നത്" (സുഭാഷിതം 19/17) എന്ന ദൈവവചനത്തിന്റെ മധുരിമയിലേക്കും ലാവണ്യത്തിലേക്കുമാണ്. തനിക്കു കിട്ടിയ പിറന്നാൾ സമ്മാനമായ പുത്തനുടുപ്പും പാന്റ്സും തന്റെ കൂട്ടുകാരനു പങ്കുവയ്ക്കുന്ന ഉണ്ണിക്കുട്ടന്റെ കൊച്ചു ഹൃദയത്തിൽ, ദൈവവചനത്തിന് മാംസം ധരിക്കാൻ പറ്റിയെന്നതു കഥയുടെ

മർമ്മമായി കഥാകാരി അവതരിപ്പിക്കുന്നു. അനാഥാലയത്തിൽ പിറന്നാൾ സദ്യയ്ക്കു ബാബുമോനെ എത്തിച്ച 'അപ്പയുടെ പിറന്നാൾ സമ്മാനം' എല്ലാവരെയും സ്വന്തമായി കരുതാനും ആരെയും അന്യനായി കാണാതിരിക്കാനുമുള്ള പാഠം അനുവാചക ഹൃദയങ്ങളിൽ അങ്കുരിപ്പിക്കാതിരിക്കുമോ! 'അനുസരണം നല്കുന്ന അനുഗ്രഹം' ദൈവത്തെയും നിയാമാനുസൃത അധികാരത്തെയും വെല്ലുവിളിക്കുന്നവരിൽ മനംമാറ്റം സൃഷ്ടിക്കാൻ പര്യാപ്തമാണ്.

ഓരോ കഥയും എടുത്ത് ഒരാസ്വാദനത്തിനു വിസ്താരഭയത്താൽ ഞാൻ മുതിരുന്നില്ല. അതു വായനക്കാരുടെ മനോധർമ്മത്തിനു വിടുന്നു. കഥകളിലെ കഥാപാത്രങ്ങളിൽ കഥാകൃത്തിന്റെ ആത്മസത്തയുടെ പ്രതിഫലനം സൂക്ഷ്മവായനയിൽ കണ്ടുപിടിക്കാനാകും. ഓരോ കഥയ്ക്കും ഇണങ്ങുന്ന ചിത്രങ്ങൾ കഥകളോടൊപ്പം ചേർത്തിരിക്കുന്നത് പുസ്തകത്തിനു കൂടുതൽ ചാരുത പകരുന്നു.

കഥ കേൾക്കാനാഗ്രഹിക്കുന്ന കുട്ടികൾക്കും കുട്ടികളോടു കഥപറയാനാഗ്രഹിക്കുന്ന മാതാപിതാക്കൾക്കും, കഥകളിലൂടെ കുട്ടികളെ പഠിപ്പിക്കാനാഗ്രഹിക്കുന്ന അധ്യാപകർക്കും ഒന്നുപോലെ ഈ പുസ്തകം ആസ്വാദ്യകരമാകുമെന്ന കാര്യത്തിൽ സംശയമില്ല.

**റവ. ഡോ. മാത്യു കുരിയത്തറ**



# മുഖവുര

**കോ**ട്ടയം അതിരൂപതയിലെ സെന്റ് ജോസഫ്സ് സന്ന്യാസിനി സമൂഹത്തിലെ ഒരംഗമായ ഞാൻ B.Sc. B.Ed കഴിഞ്ഞ് 1990 ൽ എന്റെ അധ്യാപന ജീവിതം ആരംഭിച്ചു. 2013 - ൽ ഹെഡ്മിസ്ട്രസ്സായി സേവനം ആരംഭിച്ച് 2021 ഏപ്രിൽ 30-ന് സർവ്വീസിൽനിന്നും വിരമിച്ചു.

ജീവിതത്തിന്റെ ഏറിയഭാഗവും കുട്ടികളുടെ ഇടയിൽ, കുട്ടികൾക്കുവേണ്ടി ശുശ്രൂഷ ചെയ്യുവാൻ ദൈവം അനുവദിച്ചു. ക്രിസ്റ്റീൻ ധ്യാനങ്ങൾ, ബൈബിൾ പഠനകളരികൾ, ശാലോം ടി.വി. യിലെ തിരുവരങ്ങ് (ബൈബിൾ നാടകങ്ങൾ) എന്നിവ ചെയ്യുവാനും, അപ്നാദേശിൽ കുട്ടികൾക്കായി കഥകളും കവിതകളും പ്രസിദ്ധീകരിക്കുവാനും സാധിച്ചു. തായ്‌ലണ്ടിലെ അസംപ്ഷൻ യൂണിവേഴ്സിറ്റിയിൽനിന്നും കൗൺസിലിംഗ് സൈക്കോളജിയിൽ ബിരുദാനന്തര ബിരുദം സമ്പാദിച്ച എനിക്ക് കുട്ടികളുടെ മാനസികമായ വളർച്ചയിൽ സഹായിക്കുവാനും സാധിച്ചിട്ടുണ്ട്. അരീക്കര ഇടവകയിൽ വെട്ടത്തുകണ്ടത്തിൽ കുര്യാക്കോസ് - മേരി ദമ്പതികളുടെ പുത്രിയാണ് ഞാൻ.

ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുവാൻ പ്രോത്സാഹനം നൽകി ആശംസകളെഴുതിത്തന്ന അഭി. മാർ മാത്യു മൂലക്കാട്ട് പിതാവ്, എന്റെ മദർ ജനറാൾ ബഹു. സി. അനിത എസ്.ജെ.സി, അവതാരിക എഴുതിയ ബഹു. ഫാ. മാത്യു കുരിയത്തറ, ജീവിതയാത്രയിൽ കൂട്ടായി കൂടെനിൽക്കുന്ന സുഹൃത്തുക്കൾ എന്നിവർക്ക് എന്റെ സ്നേഹനിർഭരമായ കൃതജ്ഞത.

എന്റെ ആത്മീയ ജീവിതത്തിൽ ഏറെ സ്വാധീനം ചെലുത്തിയ എസ്.ജെ.സി യുടെ സ്ഥാപകപിതാവ് ദൈവദാസൻ പൂതത്തിൽ തൊമ്മിയച്ചന്റെ പാവനസ്മരണയ്ക്ക് ഈ ഗ്രന്ഥം സമർപ്പിക്കുന്നു.

**സി. ബെസി എസ്.ജെ.സി**

# ഉള്ളടക്കം


1. ഉണ്ണിക്കുട്ടനും അമ്മയും പിന്നെ ലോഗോസും
2. അന്നമോളുടെ പ്രിയപ്പെട്ട ഓയിൽമെന്റീശോ
3. കഴുതയുടെ താടിയെല്ലും ഒരായുധം
4. തിരുക്കുടുംബം നല്കുന്ന വിജയം
5. അപ്പയുടെ പിറന്നാൾ സമ്മാനം
6. ഒരു പുഞ്ചിരിയും ഒരു കുമ്പിടീലും
7. അനുസരണം നല്കുന്ന അനുഗ്രഹം
8. ഒരു ശ്വാസത്തിന്റെ സൗന്ദര്യം
9. സ്വർഗ്ഗത്തിലേക്കുള്ള രണ്ടു ചിറകുകൾ
10. ചിന്നുമോളുടെ ചോക്ലേറ്റ് നോമ്പ്
11. ഈശോയുടെ കളിപ്പന്ത്
12. കിളിക്കൂട്
13. മുദ്ര
14. കൊന്ത ഒരായുധവും ആഭരണവും
15. ഈശോയുടെ റോസാപുഷ്പം
16. അമ്മയ്ക്കു പകരം അമ്മ മാത്രം
17. തിരുനോട്ടം
18. ഏലിയായും ഏലീഷ്വായും
19. റക്കാബ്യരുടെ അനുസരണം
20. തോബിത്തും റഫായേലും
21. ഹബക്കുക്കിന്റെ ആകാശയാത്ര
22. സാറായും അസ്മോദേവൂസും
23. ബേലിന്റെ അന്ത്യം
24. ഊരിലെ ദീനരോദനം
25. മടക്കയാത്ര
26. ആനയെവെല്ലുന്ന ആന്തരികശക്തി
27. സത്തയില്ലാത്ത ആഘോഷം
28. ഭൂമിയിലെ മാലാഖ
29. പ്രതിബിംബം ഗുരു
30. കാഴ്ചയും കാഴ്ചപ്പാടും

## 1

# ഉണ്ണിക്കുട്ടനും അമ്മയും പിന്നെ ലോഗോസും

**പ**തിവുപോലെ ആ ഞായറാഴ്ചയും രണ്ടു മണി ആയപ്പോൾ അമ്മ ഉണ്ണിക്കുട്ടനെ വിളിച്ചു. "മോനെ ഉണ്ണിക്കുട്ടാ, വരൂ ലോഗോസ് പരീക്ഷയ്ക്ക് പഠിക്കാം." ഉത്സാഹത്തോടെ അവൻ സ്വന്തം ബൈബിളും എടുത്തുകൊണ്ട് ഓടി വന്നു. "അമ്മേ... ഏതു ഭാഗമാണ് ചോദിക്കുക?" അമ്മ പറഞ്ഞു: "സുഭാഷിതങ്ങളുടെ പുസ്തകം." അല്പം കൊഞ്ചലോടെ ഉണ്ണിക്കുട്ടൻ പറഞ്ഞു "അതു നമുക്ക് അവസാനം പഠിക്കാം അമ്മേ. അതിൽ ഒത്തിരി ചോദ്യങ്ങളുണ്ട്. എല്ലാം ഒരുപോലിരിക്കുന്നു. അതുകൊണ്ട് യോഹന്നാന്റെ സുവിശേഷം ആദ്യം പഠിക്കാം." അമ്മ ഉണ്ണിക്കുട്ടനെ ഉപദേശിച്ചു. വിഷമമുള്ളത് ആദ്യം പഠിച്ചാൽ വീണ്ടും വീണ്ടും ആവർത്തിച്ചു പഠിക്കാൻ സമയം കിട്ടും. അതുകൊണ്ട് ഇന്ന് സുഭാഷിതങ്ങളുടെ പുസ്തകം തന്നെ പഠിക്കാം. അമ്മയുടെ



തീരുമാനം ഉണ്ണിക്കുട്ടൻ അംഗീകരിച്ചു. പക്ഷേ, ഒരു വ്യവസ്ഥ കൂടി.... 'ക്ലു' തരണം.... അത് അമ്മയും സമ്മതിച്ചു.

അമ്മ ആദ്യത്തെ ചോദ്യം ചോദിച്ചു: 'കർത്താവിന് കടം കൊടുക്കുന്നത് ആരാണ്? ഉണ്ണിക്കുട്ടൻ പതുക്കെ പറഞ്ഞു.. കർത്താവിന് കടം കൊടുക്കുകയോ? എത്ര ആലോചിച്ചിട്ടും ഓർമ്മ വരുന്നില്ല. അതാരാ കർത്താവിന് കടം കൊടുക്കുന്നത്? കർത്താവിന് അതിന്റെ ആവശ്യം ഉണ്ടോ? അത്രമാത്രം മുതലാളി മാരാരാണുള്ളത്? ആകെ 'കൺഫ്യൂഷൻ'. അവൻ അമ്മയോട് ക്ലൂ ചോദിച്ചു. അമ്മ പറഞ്ഞു സുഭാഷിതങ്ങൾ 19/17. ഉണ്ണിക്കുട്ടൻ ആകാംക്ഷയോടെ ബൈബിൾ തുറന്ന് ഉറക്കെ വായിച്ചു. "ദരിദ്രനോടു ദയ കാണിക്കുന്നവൻ കർത്താവിനാണ് കടം കൊടുക്കുന്നത്." അല്പം നിരാശനായി അവൻ പറഞ്ഞു: "അമ്മേ ഇതല്ലേ ഞാൻ പറഞ്ഞത് ഇതെല്ലാം മാറിപ്പോകും എന്ന്." അമ്മ മോനെ ചേർത്തുപിടിച്ച് വാത്സല്യത്തോടെ തലോടിക്കൊണ്ട് പറഞ്ഞു: "മോൻ ഒരു പ്രാവശ്യമെങ്കിലും കർത്താവിന് കടം കൊടുക്ക്; അപ്പോൾ ഓർത്തിരിക്കും." ഞാനെങ്ങനെയാ അമ്മേ കർത്താവിന് കടം കൊടുക്കുന്നത്?. അമ്മ പറഞ്ഞു "മോന്റെ ക്ലാസ്സിലും അയൽപക്കത്തും എത്രയോ പാവപ്പെട്ടവരുണ്ട്. പഠിക്കാൻ മോശമായ കുട്ടികളുണ്ട്, രോഗികളുണ്ട്, വേദനിക്കുന്നവരുണ്ട്, വൃദ്ധരുണ്ട്. ഇവരോടൊക്കെ ദയ കാണിക്കരുതോ? അപ്പോഴൊക്കെ മോൻ കർത്താവിന് കടം കൊടുക്കുകയല്ലേ ചെയ്യുക?. അപ്പോൾ ലോഗോസ് പരീക്ഷയ്ക്കു മാത്രമല്ല, സ്വർഗ്ഗത്തിലും മോന് ഒന്നാം സ്ഥാനം കിട്ടും. ഇനി മോൻ ബാക്കികൂടി പഠിക്ക്, അമ്മ അടുക്കളയിലേക്ക് ചെല്ലട്ടെ".

ഉണ്ണിക്കുട്ടൻ തീരുമാനിച്ചു. എനിക്കും കർത്താവിന് കടം കൊടുക്കണം. കീറിയ പാന്റും ഷർട്ടും ഇട്ടുവരുന്ന കൂടെപഠിക്കുന്ന മനുവിനെ അവൻ ഓർത്തു. പിന്നെ ഒട്ടും താമസിച്ചില്ല. അലമാര തുറന്ന് പിറന്നാൾ സമ്മാനമായി കിട്ടിയ പുതിയ ഷർട്ടും പാന്റും എടുത്ത് പേപ്പറിൽ പൊതിഞ്ഞു. മുറ്റത്തേക്കിറങ്ങി ഓടുന്നതിനിടയിൽ അവൻ വിളിച്ചു പറഞ്ഞു: "അമ്മേ ഞാൻ കർത്താവിന് കടം കൊടുത്തിട്ട് ഓടി വരാം."

*ചുറ്റുമുള്ള ദരിദ്രരെ സഹായിച്ച് പരസ്നേഹത്തിലും*
*ദൈവസ്നേഹത്തിലും നമുക്കു വളരാം.*

# 2

# അന്നമോളുടെ പ്രിയപ്പെട്ട 'ഓയിൽമെന്റീശോ'

**ഗ**ൾഫിൽ പത്തു വയസ്സിൽ താഴെയുള്ള കുട്ടികൾക്കായി 'ഏഞ്ചൽ ധ്യാനം' നടക്കുന്നു. വലിയ ഉത്സാഹത്തോടെയാണ് അന്നമോളും കൂട്ടുകാരോടൊപ്പം ധ്യാനത്തിനു പോയത്. ധ്യാനം നയിക്കുന്ന സിസ്റ്റർ അമല തന്റെ കമ്പ്യൂട്ടറിൽ ഈശോയുടെ വിവിധ ചിത്രങ്ങൾ കുട്ടികൾക്ക് കാണിച്ചുകൊടുത്തു. ഏറ്റവും ഇഷ്ടപ്പെട്ട ചിത്രം കാണുമ്പോൾ കൈ ഉയർത്തണം. ചിത്രങ്ങൾ മാറി മാറി സ്ക്രീനിൽ തെളിഞ്ഞു. ഉണ്ണീശോയുടെ ചിത്രം കണ്ടപ്പോൾ കുട്ടികളെല്ലാം കൈ ഉയർത്തി. എന്നാൽ അന്നമോൾ ആകാംക്ഷയോടെ നോക്കി, തന്റെ പ്രിയപ്പെട്ട ഓയിൽമെന്റീശോയുടെ ചിത്രം കാണുന്നില്ല. അടുത്തനിമിഷം അതാ കമ്പ്യൂട്ടറിൽ തിരുഹൃദയത്തിന്റെ ചിത്രം. ആ... എന്റെ ഓയിൽമെന്റീശോ...



അവളും സന്തോഷത്തോടെ കൈ ഉയർത്തി. ഇഷ്ടമുള്ള ഈശോ യുടെ രൂപം മനസ്സിൽ കണ്ട് പ്രാർത്ഥിക്കുവാൻ സിസ്റ്റർ പഠിപ്പിച്ചു. അന്നമോൾക്ക് അതു വളരെ എളുപ്പമായിരുന്നു. കാരണം ഓർമ്മ വച്ച നാൾ മുതൽ അമ്മ പ്രാർത്ഥിക്കുന്നത് കണ്ടും, കേട്ടുമാണ് അവൾ വളർന്നത്. മറ്റു കുട്ടികളെല്ലാം കണ്ണുകൾ തുറന്ന് കുസൃ തിപ്പണികൾ തുടങ്ങിയപ്പോഴും അന്നമോൾ കണ്ണുകളടച്ച് തന്റെ പ്രിയപ്പെട്ട ഓയിൽമെന്റീശോയോട് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. കൊച്ചുകൊച്ചു കഥകളും പാട്ടുകളും ആക്ഷൻസോങ്ങും എല്ലാം കുട്ടികൾക്ക് ഇഷ്ടമായി. വൈകുന്നേരം ജപമാല പ്രാർത്ഥനയോ ടെയാണ് ധ്യാനം അവസാനിക്കുന്നത്. കഷ്ടിച്ച് മലയാളം സംസാ രിക്കാൻ പറ്റുന്ന കുട്ടികളായതിനാൽ നിറുത്തി, സ്ഫുടതയോടെ യാണ് സിസ്റ്റർ ജപമാല ചൊല്ലിയത്. “ഓ... എന്റെ ഈശോയെ ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമെ.... അന്നമോൾ അത്ഭുത ത്തോടെ കണ്ണുമിഴിച്ച് സ്വയം പറഞ്ഞു. “എന്റെ അമ്മേ, അമ്മ ഇത്രയുംനാൾ ചൊല്ലിയത് ‘ഓയിൽമെന്റീശോ’ന്നല്ലേ? ഓ.... എന്റെ ഈശോ എന്നായിരുന്നോ? അന്നമോളുടെ ധ്യാനവും പുതിയ അറിവും അപ്പയ്ക്കും അമ്മയ്ക്കും ചേട്ടനും മാത്രമല്ല, നാട്ടിലെ ബന്ധുവീടുകളിലെല്ലാം വലിയസന്തോഷത്തിനും പൊട്ടിച്ചിരിക്കും കാരണമായി.

*ഭാഷയും അർത്ഥവും അറിയുന്നതിനു മുമ്പേ ഈശോയെ അറിഞ്ഞ അന്നമോളെപ്പോലെ, നമുക്കും നമ്മുടെ സ്വന്തം ഈശോയെ തിരിച്ചറിയാം. ആ രൂപം ഉൾക്കണ്ണിൽ കാണാം, ഹൃദയത്തിൽ സൂക്ഷി ക്കാം. കൂട്ടുകാരനായി ഈശോയുടെ കൂടെനടക്കാം.*

# 3

# കഴുതയുടെ താടിയെല്ലും ഒരായുധം

യുദ്ധം എന്നും മനുഷ്യനു ഭീതിയാണ്. അതിനു മനുഷ്യചരിത്രത്തോളം പഴക്കവുമുണ്ട്. രാജ്യങ്ങൾ തമ്മിൽ യുദ്ധം-വിവിധ സംഘടനകൾ തമ്മിൽ യുദ്ധം. സുരക്ഷിതത്വത്തിനും സമാധാനത്തിനും വേണ്ടി എല്ലാരാജ്യങ്ങളും കോടികൾ മുടക്കി അണുവായുധങ്ങൾവരെ സംഭരിച്ചുവയ്ക്കുന്നു.



എന്നാൽ, ചത്ത കഴുതയുടെ ഒരു താടിയെല്ലുകൊണ്ട് യുദ്ധം ചെയ്തു വിജയിച്ച ചരിത്രമാണ് സാംസന്റേത്. ഇസ്രായേൽ ജനം പാപം ചെയ്തു ദൈവത്തിൽ നിന്ന് അകന്നുപോയപ്പോൾ ശത്രുക്കളായ ഫിലിസ്ത്യർ അവരെ കീഴ്പ്പെടുത്തി ഭരിച്ചുപോന്നു. ഏറെനാൾ കഴിഞ്ഞപ്പോൾ അവരെ അടിമത്ത്വത്തിൽ നിന്നു രക്ഷിക്കുവാനായി ദൈവം ന്യായാധിപന്മാരെ അയച്ചു. അതിലൊരാളായിരുന്നു സാംസൺ. പരിശുദ്ധാത്മാവിനാൽ നിറഞ്ഞവനായിരുന്ന സാംസൺ,

ഫിലിസ്ത്യരുടെ വയലുകളും, ഒലിവുതോട്ടങ്ങളും, കൃഷിസ്ഥല ങ്ങളുമെല്ലാം തീയിട്ടു നശിപ്പിച്ചു. കോപം പൂണ്ട ഫിലിസ്ത്യർ സാംസനെ ബന്ധിച്ച് കൊണ്ടുവരുവാൻ ആവശ്യപ്പെട്ട്, ഇസ്രാ യേൽ ജനത്തെ പീഡിപ്പിച്ചു. ഈ വിവരം അവർ സാംസനെ അറി യിച്ചു. സാംസൻ പറഞ്ഞു: "പുതിയ രണ്ടു കയർ വാങ്ങി അതു കൊണ്ട് എന്നെ ബന്ധിച്ച് ഫിലിസ്ത്യർക്ക് കൊടുക്കുക." ഇസ്രാ യേൽജനം അപ്രകാരം ചെയ്തു. ഫിലിസ്ത്യർക്ക് വലിയ സന്തോ ഷമായി. ആയുധധാരികളായ ആയിരക്കണക്കിന് ആളുകൾ ആർപ്പുവിളികളോടെ സാംസനെ കൊല്ലാൻ വന്നു. എന്നാൽ കർത്താവിന്റെ പരിശുദ്ധാത്മാവ് ശക്തിയോടെ സാംസന്റെ മേൽ ആവസിച്ചു. അവനെ കെട്ടിയിട്ടിരുന്ന കയറ് കരിഞ്ഞുപോയി. നിരായുധനായ സാംസൺ ചുറ്റും നോക്കി. ചത്ത ഒരു കഴുതയുടെ താടിയെല്ല് അവന്റെ കണ്ണിൽപ്പെട്ടു. അവൻ അതെടുത്ത് ഫിലി സ്ത്യരോട് യുദ്ധം ചെയ്തു. ചത്ത കഴുതയുടെ താടിയെല്ലു കൊണ്ട് അവൻ ആയിരംപേരെ കൊന്നു. ബാക്കിയുള്ളവർ ഓടി രക്ഷപെട്ടു.

*പരിശുദ്ധാത്മാവ് കൂടെയുണ്ടെങ്കിൽ ഒരു ശക്തിക്കും ഒരു യുദ്ധ ത്തിനും നമ്മെ കീഴ്പ്പെടുത്താൻ പറ്റില്ല. കർത്താവിന്റെ ആത്മാവ് നമ്മു ടെകൂടെയുണ്ടെങ്കിൽ നാം ഒന്നിനെയും പേടിക്കേണ്ട. ആത്മാവ് നല്കുന്ന ധൈര്യം നമ്മെ ഭരിക്കട്ടെ.*

# 4

# തിരുക്കുടുംബം നല്കുന്ന വിജയം

**വാ**തിലിൽ ആരോ മുട്ടുന്ന ശബ്ദം. വികാരിയച്ചൻ കതകു തുറന്നു. കൈയ്യിൽ കുറെ മിഠായിയുമായി ശ്രീജിത്ത്. എസ്.എസ്. എൽ.സി. പരീക്ഷയ്ക്ക് എല്ലാ വിഷയത്തിനും എ പ്ലസ് വാങ്ങി നാടിന്റെ അഭിമാനമായ കൊച്ചുമിടുക്കൻ. അഞ്ചു കിലോമീറ്റർ അകലെയുള്ള ഗവൺമെന്റു സ്കൂളിലെ ഒരേ ഒരു ഫുൾ എ പ്ലസ്. അപ്പൻ രാപകൽ മദ്യപാനം. അമ്മ ജാനകി അയൽവീടുകളിൽ അടുക്കളപ്പണി ചെയ്താണ് കുടുംബം പോറ്റുന്നത്. മിഠായി എടുത്തുകൊണ്ട് അച്ചൻ ചോദിച്ചു: വീട്ടിലെ കഷ്ടതകൾക്കിടയിൽ എങ്ങനെയാണ് ഇത്ര വലിയ വിജയം നേടാൻ കഴിഞ്ഞത്? ദൃഢസ്വരത്തിൽ ശ്രീജിത്ത് പറഞ്ഞു അച്ചോ, ഈ പള്ളിയിലെ



തിരുക്കുടുംബമാണ് എനിക്ക് ഈ വിജയം നല്കിയത്. അച്ചൻ അത്ഭുതത്തോടെ അവനെ നോക്കി. അവൻ തുടർന്നു- ഒത്തിരി വിശക്കുമ്പോഴും വിഷമിക്കുമ്പോഴും അമ്മ പറയും സാരമില്ല മോനെ തിരുക്കുടുംബ ദേവാലയത്തിലെ യൗസേപ്പിതാവാണ് നമ്മെ കാത്തു സംരക്ഷിക്കുന്നത്. പരിശുദ്ധ അമ്മ നമുക്കാവശ്യ മായതെല്ലാം കരുതിവയ്ക്കും ഉണ്ണീശോ നമ്മെ അനുഗ്രഹിക്കും. എന്റെ അപ്പന്റെ കാര്യം അച്ചനറിയാമല്ലോ. അമ്മയ്ക്കാണെങ്കിൽ പണിയെടുക്കാൻ ആരോഗ്യവുമില്ല. അതുകൊണ്ട് സ്കൂളിലേക്കു പോകുന്ന വഴി ഞാൻ എന്നും പള്ളിയിൽ കയറി തിരുക്കുടും ബത്തെ നോക്കി പാടും.

"അപ്പാ ...... കാക്കണെ......

അമ്മേ ....... കരുതണെ ....

ഉണ്ണീ ....... അനുഗ്രഹിക്കണെ .....

ഈ പാട്ടുപാടിക്കൊണ്ടാണ് ഞാൻ സ്കൂളിലേക്ക് നടക്കു ന്നത്. കാരണം മറ്റു കൂട്ടുകാരില്ലാത്തതുകൊണ്ട് യൗസേപ്പിതാ വിനോടും, മാതാവിനോടും ഉണ്ണീശോയോടും കൂട്ടുകൂടിയാണ് ഞാൻ സ്കൂളിലേക്ക് പോകുന്നത്. അവരാണ് എനിക്ക് ഈ വിജയം നല്കിയത്.

*ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരു ടെയും പ്രീതിയിലും വളർന്നുവന്ന ഈശോയുടെ തിരുക്കുടുംബ ത്തിൽ നമുക്കും അംഗങ്ങളാകാം. ആ പാട്ടുപാടി നമുക്കും തിരു ക്കുടുംബത്തോടൊപ്പം യാത്ര ചെയ്ത്, വലിയ അനുഗ്രഹം സ്വന്ത മാക്കാം.*

5

# അപ്പയുടെ പിറന്നാൾ സമ്മാനം

**രാ**ത്രി പന്ത്രണ്ടു മണിയായി.... ബാബുമോന് കിടന്നിട്ട് ഉറക്കം വരുന്നില്ല. നാളെയാണ് തന്റെ പിറന്നാൾ. എല്ലാ വർഷവും അപ്പ പുതിയ പുതിയ സമ്മാനങ്ങളാണ് നല്കുന്നത്. നാളെ തനിക്കായി അപ്പ കരുതിയിരിക്കുന്ന പിറന്നാൾ സമ്മാനം എന്തായിരിക്കും.... ആലോചിച്ചിട്ട് ഒരു പിടിയും കിട്ടുന്നില്ല. കിടക്കുന്നതിനു മുമ്പ് സൂത്രത്തിൽ അപ്പയുടെ മുറിയാകെ ഒന്നു പരിശോധിച്ചു...... പ്രത്യേകിച്ചൊന്നും കണ്ടില്ല. കഴിഞ്ഞ വർഷം അപ്പ സമ്മാനിച്ച 'കുടത്തേലുണ്ണിയുടെ' രൂപം ഇപ്പോഴും മേശപ്പുറത്തുണ്ട്. എവിടെപ്പോയാലും കുടത്തേലുണ്ണിയോട് യാത്ര പറഞ്ഞിട്ടേ പോകു. വന്നാലോ എല്ലാ വിശേഷങ്ങളും പറഞ്ഞു



കേൾപ്പിക്കും. പുതപ്പ് ഒന്നുകൂടി വലിച്ചിട്ട്, ചുരുണ്ടുകൂടി കിടന്നപ്പോൾ ബാബുമോൻ ഓർത്തു... അന്ന് ആദ്യമായി അപ്പയുടെ കൂടെ പട്ടണത്തിലെ കുടത്തേലുണ്ണിയുടെ പള്ളിയിൽ പോയതും എണ്ണയൊഴിച്ചതും.....

'ഹാപ്പി ബർത്ത്ഡേ...' എന്ന പാട്ടു കേട്ടാണ് ബാബുമോൻ കണ്ണു തുറന്നത്. 'എണീക്കൂ....വേഗം തയ്യാറാകൂ.... പള്ളിയിൽ പോകണ്ടേ?' അമ്മ ഓർമ്മിപ്പിച്ചു. കുർബാന കഴിഞ്ഞപ്പോൾ അപ്പ പറഞ്ഞു: "മോനെ നാം ഇന്ന് ഊണ് കഴിക്കുന്നത് ഒരു അനാഥാലയത്തിലാണ്. നമുക്ക് അങ്ങോട്ടു പോകാം". വയലോരത്തുകൂടി യാത്ര തുടർന്നപ്പോൾ ബാബുമോന്റെ മനസ്സിലും ചിന്തകൾ കതിരിട്ടു. അനാഥാലയം എന്നു കേട്ടിട്ടേയുള്ളൂ. ഒരിക്കലും കണ്ടിട്ടില്ല. എന്തൊക്കെയാകും അവിടുത്തെ കാഴ്ചകൾ..... ആരൊക്കെയാകും അവിടെ ഉണ്ടാവുക.....

വണ്ടി നിർത്തിയപ്പോൾ നീണ്ട വെളുത്ത താടിയുള്ള അച്ചൻ പിറന്നാൾ ആശംസകളും, കൈനിറയെ ചോക്ലേറ്റുമായി എത്തി. അച്ചന്റെ പിന്നാലെ അകത്തെ ഹാളിലേക്ക് കയറിയപ്പോൾ ഏതാനും മാസങ്ങൾ പ്രായമുള്ള കുറെ കുഞ്ഞുങ്ങൾ. അപ്പ ചെവിയിൽ മന്ത്രിച്ചു. 'ഭൂമിയിലെ കുടത്തേലുണ്ണിമാരാണിവർ'. സ്നേഹവും അനുകമ്പയും എല്ലാം അവന്റെ ഉള്ളിൽ തിരതല്ലി. ഓരോ കുഞ്ഞിന്റെയും അടുക്കൽ ചെന്ന് പതുക്കെ തട്ടിയിട്ട് സ്നേഹത്തോടെ പറഞ്ഞു "കുഞ്ഞുവാവാ നീ എന്റെ അനുജനാണ് – അനുജത്തിയാണ്." ഊണു കഴിഞ്ഞ് അനാഥാലയത്തോട് യാത്ര പറഞ്ഞിറങ്ങുമ്പോഴും ബാബുമോന്റെ മനസ്സുനിറയെ അവന്റെ അനുജനും അനുജത്തിയുമായിരുന്നു.

*ഈ ഭൂമിയിൽ നമ്മളാരും അന്യരല്ല, അന്യരാകാൻ പാടില്ല. ദൈവസ്നേഹത്താലും പരസ്നേഹത്താലും നാം കെട്ടപ്പെടുമ്പോൾ എല്ലാവരും എന്റെ സ്വന്തമാകും – ഞാനും എല്ലാവരുടെയും സ്വന്തമാകും. അങ്ങനെ നമുക്ക് ദൈവത്തിലേക്കും, സഹോദരങ്ങളിലേക്കും വളരാം. അപ്പോൾ ഈശോ നമ്മെ കൂടുതലായി അനുഗ്രഹിക്കും.*

# 6

# ഒരു പുഞ്ചിരിയും ഒരു കുമ്പിടീലും

**ഹൈ**റേഞ്ചിനെ ലക്ഷ്യമാക്കി ഓടുന്ന ബസ്സിന്റെ സൈഡ് സീറ്റിലിരുന്നുള്ള യാത്ര ജോണിക്കുട്ടന് പുതിയ അനുഭവമായിരുന്നു. അടുത്തിരിക്കുന്ന അച്ഛൻ മയക്കത്തിലാണ്. ചിത്രരചനയിലുള്ള തന്റെ വാസന കണ്ടെത്തിയതും വളർത്തിയതും അച്ഛനാണ്. എന്തു മാത്രം സമ്മാനങ്ങളാണ് ലഭിച്ചിട്ടുള്ളത്. സംസ്ഥാന ചിത്രരചനയിൽ ഒന്നാം സമ്മാനം നേടി ട്രോഫിയുമായി അച്ഛന്റെ അരികിലേക്ക് ഓടിയെത്തിയപ്പോഴും പതിവുപോലെ ആ ചെറു പുഞ്ചിരിയും, കണ്ണുകൾ സാവകാശം അടച്ചുള്ള ആ തല കുനിക്കലും. അതാണ് പണ്ടു മുതലേ അച്ഛന്റെ പ്രതികരണം. ആ പുഞ്ചിരി തനിക്കുള്ള അഭിനന്ദനവും, കുമ്പിടീൽ ദൈവത്തിനുള്ള നന്ദിയും. സംസ്ഥാന മത്സരത്തിന്റെ പിറ്റേദിവസം പത്രങ്ങളിൽ അച്ഛനോടൊപ്പമുള്ള തന്റെ ഫോട്ടോയും വാർത്തയും വായിച്ചുകഴിഞ്ഞപ്പോൾ അച്ഛൻ പറഞ്ഞു: “മോനെ ഇനി മുതൽ ഞാനല്ല നിന്റെ ഗുരു. എന്റെ ഗുരുവിനെ



കാണിച്ചു തരാം. ആ ഗുരു ഇനി മുതൽ നിനക്ക് പരിശീലനം തരും." അച്ഛന്റെ ഗുരുവിനെ കാണുവാനുള്ള യാത്രയാണിതെന്നോർത്തപ്പോൾ ജോണിക്കുട്ടന് എന്തെന്നില്ലാത്ത സന്തോഷമാണ് തോന്നിയത്.

ബസ്സിറങ്ങി അച്ഛന്റെ കൈ പിടിച്ച് മുന്നോട്ടു നടക്കുമ്പോൾ ഒരു വശത്ത് വൃക്ഷങ്ങൾ നിറഞ്ഞു നില്ക്കുന്ന താഴ്വാരം. അങ്ങ് അകലെ തട്ടുതട്ടുകളായി മൂടൽമഞ്ഞിൽ ഒളിഞ്ഞു നോക്കുന്ന വലിയകാട്. ഒരു വശത്ത് പാറക്കൂട്ടങ്ങൾ. കുന്നുകളും, മലകളും, കോടമഞ്ഞും, കുളിർകാറ്റും; ഒപ്പം അസ്തമയസൂര്യൻ വാരിവിതറിയ ചെഞ്ചായവും. ഒരു ചിത്രകാരനും ക്യാൻവാസിലേക്ക് പകർത്താൻ സാധിക്കാത്ത അത്ഭുതകരമായ പ്രകൃതി സൗന്ദര്യം. മകനെ ചേർത്തുപിടിച്ച് അച്ഛൻ പറഞ്ഞു: "ഈശ്വരൻ പ്രപഞ്ചമാകുന്ന തന്റെ ക്യാൻവാസിൽ തീർത്ത ചിത്രങ്ങൾ. ഇവിടെയിരുന്നാണ് അച്ഛൻ ചിത്രരചന പരിശീലിച്ചത്. അച്ഛന്റെ നേരെ നോക്കി ഒന്നു പുഞ്ചിരിച്ചിട്ട് കൂപ്പുകൈകളോടെ മുട്ടുകൾ മടക്കി ആ വലിയ ഗുരുവിന്റെ മുമ്പിൽ അവൻ തലകുനിച്ചു.

*നാം എന്തായിരിക്കുന്നുവോ അത് ദൈവത്തിന്റെ വലിയ ദാനമാണ്. അഹങ്കരിക്കാൻ നമുക്ക് ഒന്നുമില്ല. എത്ര വളർന്നാലും നടന്നുപോന്ന വഴികൾ മറക്കരുത്. സഹോദരങ്ങളെ സ്നേഹിച്ച് സാഹോദര്യം സ്വന്തമാക്കണം. ഗുരുക്കന്മാരെ വന്ദിച്ച് ഗുരുത്വം നേടണം. ദൈവത്തെ ആരാധിച്ച് ദൈവാനുഗ്രഹമുള്ളവരാകണം. ഗുരുവിനെയും സഹോദരനെയും നോക്കി പുഞ്ചിരിക്കാനും, കൂപ്പുകൈകളോടെ തമ്പുരാന്റെ മുമ്പിൽ തല കുനിക്കാനും നമുക്ക് സാധിക്കട്ടെ.*

7

# അനുസരണം നല്കുന്ന അനുഗ്രഹം

മഹാരാജാവിന്റെ സമ്മതത്തോടെയാണ് രാജകുമാരൻ കാട് കാണുവാൻ ഇറങ്ങി പുറപ്പെട്ടത്. അംഗരക്ഷകരോ, കാവൽപ്പട കളോ രാജവേഷങ്ങളോ ഇല്ലാതെ കാട്ടിലെത്തിയ രാജകുമാരന് കാട്ടുമൂപ്പൻ മുന്നറിയിപ്പു നൽകി. "കാടിന്റെ നടുവിലൂടെ ഒഴു കുന്ന പുഴയുടെ ഇടതുവശം അപകടകരമാണ്. അവിടെ വിഷ ക്കായ്കളും, വന്യമൃഗങ്ങളും ഉണ്ട്. വലതുവശം സുരക്ഷിതമാണ്. വലതുവശത്തുകൂടി മാത്രമേ യാത്ര ചെയ്യാവൂ." എല്ലാം മൂളിക്കേട്ട കുമാരൻ യാത്ര തുടർന്നു. പക്ഷികളുടെ ചിലമ്പൽ... വൃക്ഷങ്ങളുടെ ശീൽക്കാരം... കാടിന്റെ കുളിർമ്മ... ഇളംതെന്ന ലിന്റെ തലോടൽ... കൊട്ടാര ത്തിൽ ലഭിക്കാത്ത ശാന്തത... സമാധാനം... ഇതാണോ ഭൂമി യിലെ സ്വർഗ്ഗം. കായ്കനികളും, അരുവിയിലെ തണുത്ത ജലവും രുചിയോടെ ആസ്വദിച്ചു.



ഏതാനും ദിവസംകൊണ്ട് ഉൾവനത്തിലെത്തിയ രാജകു മാരൻ അതിമനോഹരമായ ഇട തുവശം കണ്ടു. പല വർണ ത്തിലും, ആകൃതിയിലുമുള്ള

പൂക്കൾ. വട്ടമിട്ടു പറക്കുന്ന വൈവിധ്യമാർന്ന ചിത്രശലഭങ്ങൾ... കൊച്ചു കുട്ടികളെപ്പോലെ തുള്ളിക്കളിക്കുന്ന അണ്ണാൻ കുഞ്ഞുങ്ങൾ. പറക്കാൻ പരിശീലിക്കുന്ന പക്ഷിക്കുഞ്ഞുങ്ങൾ. സുഗന്ധം പരത്തുന്ന കാറ്റിനുപോലും വശ്യതയുടെ ശക്തി. പുഴ കടന്ന് ഇടതുവശത്തെത്തുവാൻ മനസ്സ് വെമ്പൽകൊണ്ടു. പഞ്ചേന്ദ്രിയങ്ങൾക്കെല്ലാം ആസ്വാദ്യകരമായ ഇടതുവശത്തിന്റെ സൗന്ദര്യം തന്റെ മനസ്സിനെ കീഴ്പ്പെടുത്തുന്ന അനുഭവം. ഏതു തീരുമാനത്തിനു മുമ്പും ഒരുനിമിഷം കണ്ണുകളടയ്ക്കുന്ന കുമാരന്റെ കാതിൽ കാട്ടുമൂപ്പൻ നല്കിയ മുന്നറിയിപ്പ്... പുഴയുടെ ഇടതുവശം അപകടകരമാണ്. ഉൾക്കണ്ണിൽ തന്റെ ആഗ്രഹത്തിനു സമ്മതം മൂളി, തന്റെ തിരിച്ചുവരവും കാത്തിരിക്കുന്ന പിതാവിന്റെ മുഖം. പഞ്ചേന്ദ്രിയങ്ങളുടെ സുഖം വേണ്ടെന്നു തീരുമാനിച്ച് പ്രലോഭനങ്ങളെ അതിജീവിച്ച് കുമാരൻ വലതുവശത്തുകൂടി യാത്ര തുടർന്നു. ഏതാനും ദിവസങ്ങൾകൊണ്ട് യാത്ര പൂർത്തിയാക്കി കാടിനു വെളിയിലെത്തിയ കുമാരനോട് കാട്ടുമൂപ്പൻ പറഞ്ഞു. "കാടു കാണുവാൻ പോയവർ ധാരാളം- തിരിച്ചുവന്നവർ ചുരുക്കം."

*മാതാപിതാക്കളുടെയും ഗുരുക്കന്മാരുടെയും ഉപദേശങ്ങളും സമൂഹത്തിന്റെ നിയമങ്ങളും നമ്മുടെ നന്മയ്ക്കുവേണ്ടിയാണെന്നു തിരിച്ചറിഞ്ഞ്, അതനുസരിച്ച് വളരാം. ദൈവകല്പനകൾ അനുസരിച്ച് ആത്മാവിന്റെ രക്ഷ ഉറപ്പാക്കാം. അങ്ങനെ അനുസരണത്തിലൂടെ നമുക്കും അനുഗ്രഹം സ്വന്തമാക്കാം.*

# 8

# ഒരു ശ്വാസത്തിന്റെ സൗന്ദര്യം

കപ്യാര് തോമ്മാച്ചേട്ടൻ മുൻപോട്ടും പുറകോട്ടും നോക്കി. 'ഗ' പോലെ വളഞ്ഞൊടിഞ്ഞുപോകുന്ന 'ക്യൂ'. ആരും ഒന്നും സംസാരിക്കുന്നില്ല. ആബാലവൃദ്ധം ജനങ്ങൾ നിറകണ്ണുകളോടെ തിക്കും തിരക്കും കൂട്ടാതെ സാവകാശം മുൻപോട്ടുനീങ്ങുന്നു. ഒരാഴ്ചയായിട്ട് എല്ലാവരും വേണ്ടതിലധികം സംസാരിച്ചുവല്ലോ! ഇനി എന്തുപറയാൻ. ആ മുഖം ഒരിക്കൽകൂടി ഒന്നു കാണുവാനുള്ള ആഗ്രഹത്തോടെ നടന്നുനീങ്ങുന്നു.

ക്ലീറ്റസച്ചന്റെ മരണവാർത്ത കാരക്കുന്നു ഗ്രാമത്തിന് താങ്ങാവുന്നതായിരുന്നില്ല. പുത്തൻകുർബാന ചൊല്ലിയിട്ട് വെറും എട്ടു മാസം. നാനാജാതി ജനങ്ങൾ സ്വന്തം കുടുംബാംഗങ്ങളെപോലെയാണ് ആ പുത്തൻ കുർബാനയിൽ പങ്കെടുത്തതും, വലിയ ആഘോഷമാക്കി തീർത്തതും. കാരണം പഠിക്കുന്ന കാലം മുതലേ



ക്ലീറ്റസ് എല്ലാവരുടെയും കണ്ണിലുണ്ണിയായിരുന്നു. പത്താംക്ലാസ് കഴിഞ്ഞ് സെമിനാരിയിൽ പോകുന്നു എന്നു കേട്ടപ്പോൾ വീട്ടുകാർക്കു മാത്രമല്ല, നാട്ടുകാർക്കും വലിയ സന്തോഷമായി. ബിഷപ്പിന് ക്ലീറ്റസിനോടുള്ള പ്രത്യേക താത്പര്യമാണ് ഉപരിപഠനത്തിനായി റോമിലേക്ക് വിടാൻ കാരണമായത്. അവിടെയും അവൻ എല്ലാവരുടെയും സ്നേഹപാത്രമായി. എത്ര സായിപ്പച്ചൻമാരാണ് പുത്തൻകുർബാനയ്ക്ക് റോമിൽനിന്നും വന്നത്. എന്തൊരു സൗന്ദര്യമായിരുന്നു. കുർബാനക്കുപ്പായം അണിഞ്ഞ് അൾത്താരയിൽനിന്ന ക്ലീറ്റസച്ചന്റെ മുഖത്തിന്റെ പ്രകാശവും സൗന്ദര്യവും തോമ്മാച്ചേട്ടന്റെ മാത്രമല്ല, ഗ്രാമവാസികളുടെയെല്ലാം കൺമുമ്പിൽ ഇപ്പോഴും ഉണ്ട്. ഒരുവർഷംകൂടി റോമിൽ ശുശ്രൂഷ ചെയ്തിട്ട് തിരിച്ചു നാട്ടിലെത്തുന്നതും കാത്തിരിക്കുമ്പോഴാണ് ഞെട്ടിക്കുന്ന ആ മരണവാർത്ത എത്തിയത്. 'ഹാർട്ട് അറ്റായ്ക്ക്' അഞ്ചുദിവസമായി ഇടവകക്കാർ പ്രാർത്ഥനയിലും ദുഃഖത്തിലുമാണ്. നെടുമ്പാശേരിയിൽ എത്തിയപ്പോൾത്തന്നെ ജനം 'ക്യു' പിടിച്ചു കഴിഞ്ഞു. കണ്ടവർ കണ്ടവർ ഒന്നുകൂടി നോക്കാനാവാതെ മുഖം തിരിച്ച് പൊട്ടിക്കരയുന്നു. ശ്വാസം അടക്കിപ്പിടിച്ച് ശവമഞ്ചത്തിനരികിലെത്തിയ തോമ്മാച്ചേട്ടൻ ഞടുങ്ങിപ്പോയി. കറുത്തു – കരുവാളിച്ച മുഖം. അറിയാതെ ഉറക്കെപ്പറഞ്ഞുപോയി. "ഒരു ശ്വാസത്തിനിത്ര സൗന്ദര്യമോ?". പിന്നെ ഒന്നുകൂടി നോക്കാനിഷ്ടപ്പെടാതെ തോമ്മാച്ചേട്ടനും മുന്നോട്ടു നീങ്ങി.

*മരണം കള്ളനെപ്പോലെ വരും. ഒരു ശ്വാസത്തിന്റെ ബലം മാത്രമാണ് നമ്മുടെ ജീവിതവും ഈ ശരീരവും. അതുകൊണ്ട് ശരീരത്തേക്കാൾ ആത്മാവിന്റെ സൗന്ദര്യത്തിൽ കൂടുതൽ ശ്രദ്ധിക്കുക. സ്വർഗത്തിൽ ഈശോയോടൊപ്പം ആയിരിക്കുവാനാവശ്യമായ കാര്യങ്ങളിൽ നമുക്കു കൂടുതൽ ശ്രദ്ധിക്കാം.*

# 9

# സ്വർഗ്ഗത്തിലേക്കുള്ള രണ്ടു ചിറകുകൾ

**ക്രി**സ്മസ് രാത്രി...

വിശുദ്ധ മരിയാഗൊരെത്തിയുടെ വൃദ്ധയായ അമ്മ പാതിരാ കുർബാനയ്ക്ക് പള്ളിയിൽ പോകുവാനായി ഒരുങ്ങുന്നു. വാതിലിൽ ആരോ മുട്ടുന്ന ശബ്ദം. കതകുതുറന്നപ്പോൾ അവൾ ഞെട്ടിപ്പോയി. പ്രാകൃതരൂപനായ അലെക്സാൻഡ്രൊ. മുട്ടുകുത്തി കൈകൾ യാച നാരൂപത്തിൽ പിടിച്ച് "അസൂന്താമ്മേ... എന്നോട് ക്ഷമിക്കില്ലേ..." എന്ന് ചോദിച്ചു കരയുന്നു. നീണ്ട ഇരുപത്തിയേഴുവർഷത്തെ ജയിൽവാസത്തിന്റെ നരകയാതനകൾ ആ മുഖത്ത് കാണാം. എല്ലാം ഇന്നലെ കഴിഞ്ഞതുപോലെ അസൂന്താമ്മയുടെ മനസ്സി ലേക്ക് ഓടിയെത്തി. സ്വന്തം കാമവികാരത്തിന് വഴങ്ങാത്തതിന്



വെറും പന്ത്രണ്ടുവയസുമാത്രം പ്രായമുണ്ടായിരുന്ന തന്റെ പൊന്നോമനപ്പുത്രിയെ പതിനാലുപ്രാവശ്യം കഠാരയ്ക്കുകുത്തി കൊലചെയ്തവൻ. പല പ്രാവശ്യം പാപത്തിനു പ്രേരിപ്പിച്ചപ്പോഴും മരിയ ചെറുത്തുനിന്നു. മരിയ പറഞ്ഞു: "മരിക്കേണ്ടിവന്നാലും ഞാൻ പാപം ചെയ്യുകയില്ല. ശരീരത്തിന്റെ വിശുദ്ധി ഞാൻ നഷ്ടപ്പെടുത്തുകയില്ല."

ഒരുദിവസം കുപ്പായത്തിൽ ഒളിപ്പിച്ചുവച്ച കഠാരയുമായി അവൻ അവളെ സമീപിച്ചു. പാപം ചെയ്യുവാൻ വിസമ്മതിച്ച മരിയയെ അവൻ പതിനാലുപ്രാവശ്യം കുത്തി. രക്തത്തിൽ കുളിച്ച് മരണത്തോടു മല്ലിട്ട്, ഇരുപത്തിനാലു മണിക്കൂർ കഴിഞ്ഞപ്പോൾ അവൾ മരിച്ചു. മരിക്കുന്നതിനു മുമ്പ് അവൾ തന്റെ കുമ്പസാരക്കാരനോട് പറഞ്ഞു. "ഞാൻ അലെക്സാൻട്രോയോട് ക്ഷമിക്കുന്നു. ഒരിക്കൽ അയാൾ മാനസാന്തരപ്പെടും". വേദനകൊണ്ടു പിടഞ്ഞു മരിക്കുന്ന തന്റെ മകളുടെ വാക്കുകൾ അന്വർത്ഥമായിരിക്കുന്നു– ഒരു സ്വപ്നത്തിൽനിന്നെന്നപോലെ അസൂന്താമ്മ ഞെട്ടിയുണർന്നു.

മരംകോച്ചുന്ന തണുപ്പത്ത് മുട്ടുകുത്തിനിൽക്കുന്ന അലക്സാൻട്രോയെ രണ്ടുകൈയും നീട്ടി സ്വീകരിച്ച് ഒരു മകനെപ്പോലെ പരിചരിച്ചു. ആ അമ്മയും മകനും ഒരുമിച്ച് പാതിരാക്കുർബാനയ്ക്ക് പള്ളിയിലേക്ക് നടന്നു.

*വിശുദ്ധ മരിയ ഗൊരേത്തിയെപ്പോലെ പരിശുദ്ധിയുടെയും ക്ഷമയുടെയും പാഠങ്ങൾ നമുക്കും അഭ്യസിക്കാം. സ്വർഗത്തിലേക്കുള്ള രണ്ടു ചിറകുകളാണ് വിശുദ്ധ മരിയ ഗൊരെത്തി നമുക്കു നല്കിയിരിക്കുന്നത്. വിശുദ്ധമായ ജീവിതവും, അപാരമായ ക്ഷമയും. വിശുദ്ധയെ അനുകരിച്ച് നമുക്ക് സ്വർഗത്തിലേക്ക് പറന്നുയരാം.*

10

# ചിന്നുമോളുടെ ചോക്ലേറ്റ് നോമ്പ്

ലണ്ടനിൽ ഒരു കത്തോലിക്കാ സ്കൂളിൽ ആറാംക്ലാസിലാണ് ചിന്നുമോൾ പഠിക്കുന്നത്. എല്ലാ ഞായറാഴ്ചയും മലയാളം കുർബാനയ്ക്കും, വേദപാഠക്ലാസിനും പോയിരുന്നു. ഒരുദിവസം വേദപാഠക്ലാസ് കഴിഞ്ഞ് വീട്ടിലെത്തിയ ചിന്നുമോൾ പറഞ്ഞു. “മമ്മീ എനിക്ക് ചോക്ലേറ്റ് നോമ്പാണ്.” കാര്യം മനസ്സിലാകാതെ തന്റെ നേരെ നോക്കിയ മമ്മിയോട് അവൾ വിശദീകരിച്ചു. നാളെ നോമ്പ് ആരംഭിക്കുമെന്നും ഓരോരുത്തരും ഏറ്റവും ഇഷ്ടമുള്ളത് ഉപേക്ഷിച്ച് നോമ്പ് എടുക്കണമെന്നും അച്ചൻ പറഞ്ഞു. എനിക്ക് ഏറ്റവും ഇഷ്ടമുള്ളത് ചോക്ലേറ്റ് ആയതുകൊണ്ട് അടുത്ത അമ്പതുദിവസത്തേക്ക് ഞാൻ ചോക്ലേറ്റ് കഴിക്കുന്നില്ല.



ചിന്നുമോളുടെ പപ്പായും മമ്മിയും ചേച്ചിയും മാത്രമല്ല അവളെ അറിയുന്ന എല്ലാവരും ഒരേസ്വരത്തിൽ പറഞ്ഞു – ഈ നോമ്പ് പൂർത്തിയാക്കില്ല. കാരണം ചിന്നുമോൾക്ക് അത്രയ്ക്കും ഇഷ്ടമാണ് ചോക്ലേറ്റ്. എന്നാൽ ചിന്നുമോൾ മനസ്സിൽ പറഞ്ഞു – ഞാനിത് പൂർത്തിയാക്കും. അവൾ ഒരു ഭരണി എടുത്ത് തന്റെ മുറിയിൽ വച്ചു. കിട്ടിയ ചോക്ലേറ്റ് എല്ലാം അതിൽ നിക്ഷേപിച്ചു. അങ്ങനെ അമ്പതുദിവസം കഴിഞ്ഞ് ഈസ്റ്റർ കുർബാനയ്ക്ക് പോയപ്പോൾ അവൾ ആ ഭരണിയും കൊണ്ടുപോയി. അച്ചനും കൂട്ടുകാർക്കും എല്ലാം അവൾ ചോക്ലേറ്റ് പങ്കുവച്ചുകൊടുത്തു. ആ അമ്പതുദിവസം അവൾക്ക് ഒത്തിരി കൃപകൾ ലഭിച്ചു. “എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യുവാൻ എനിക്ക് സാധിക്കും” (ഫിലി 4/13) എന്ന വചനം അവൾക്ക് അനുഭവ മായി. ആശയടക്കവും, ആത്മസംയമനവും അവളിൽ വളർന്നു. അത് സത്യസന്ധതയിലേക്കും, ആത്മധൈര്യത്തിലേക്കും കഠി നാധ്വാനത്തിലേക്കും നയിച്ചു. ഈശോയോടുകൂടെ, അസാധ്യ മെല്ലാം സാധ്യമാകും എന്ന് ബോധ്യപ്പെട്ടു.

*കൃത്യ സമയത്ത് ശരിയായ തീരുമാനം എടുക്കുവാനും ആ തീരു മാനത്തിൽ ഉറച്ചുനിൽക്കുവാനും സാധിച്ചാൽ ജീവിതത്തിൽ വിജയി ക്കുവാൻ സാധിക്കും. ഏതൊരു തീരുമാനവും എടുക്കുന്നതിനു മുൻപ് അതേക്കുറിച്ച് പഠിക്കുക, അതേക്കുറിച്ച് അറിവുള്ളവരോട് ആലോചന ചോദിക്കുക, എല്ലാറ്റിനും ഉപരി ദൈവത്തോട് പ്രാർത്ഥി ക്കുക. ഇങ്ങനെ എടുക്കുന്ന തീരുമാനം നടപ്പിലാക്കാൻ കഠിനാ ദ്ധ്വാനം, സ്ഥിരോത്സാഹം എന്നിവയും ആവശ്യമാണ്.*

# 11

## ഈശോയുടെ കളിപ്പന്ത്

**ജ**നിച്ചുവീഴുന്ന ഒരു കുട്ടി നിറങ്ങൾ തിരിച്ചറിയാൻ തുടങ്ങുമ്പോൾത്തന്നെ നാം പല നിറത്തിലുള്ള കളിപ്പന്തുകൾ കാണിക്കും. ആ കളിപ്പന്തിന്റെ പിന്നാലെ അവന്റെ കണ്ണുകൾ ചലിക്കും. കൈവിരലുകൾക്ക് ബലം വച്ചുതുടങ്ങുമ്പോൾത്തന്നെ അവൻ കളിപ്പന്തിനായി കൈകൾ നീട്ടും. പിച്ചവച്ചു തുടങ്ങുമ്പോൾത്തന്നെ അവൻ കളിപ്പന്ത് തട്ടാനും, എറിയാനും തുടങ്ങും. വലിച്ചെറിഞ്ഞ കളിപ്പന്ത് എടുത്തു കൊടുക്കുന്നതുവരെ അവൻ കരയും. കിട്ടിയാലുടൻ വീണ്ടും തട്ടിക്കളിക്കും, വലിച്ചെറിയും. കുളിക്കുമ്പോഴും, ഭക്ഷണം കഴിക്കുമ്പോഴും അവൻ തന്റെ കളിപ്പന്ത് താഴെവയ്ക്കില്ല. ആരുചോദിച്ചാലും അവൻ കൊടുക്കത്തില്ല. എന്തിനേറെ - ഉറങ്ങുമ്പോഴും കട്ടിലിൽ കളിപ്പന്ത് അവന്റെ ചാരെ ഉണ്ടാകും.



മിഷൻ ലീഗിന്റെ മദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യാ തന്നെ ത്തന്നെ താദാത്മ്യപ്പെടുത്തുന്നത്, "ഈശോയുടെ കൈയ്യിലെ കളി പ്പന്തിനോടാണ്". ഒരു കൊച്ചുകുട്ടി തന്റെ കളിപ്പന്തിനെ സ്നേഹി ക്കുന്നതുപോലെ, കരുതുന്നതുപോലെ ഈശോ തന്നെ സ്നേഹി ക്കുകയും കരുതുകയും ചെയ്യുന്നു എന്നാണ് വി. കൊച്ചുത്രേസ്യാ യുടെ അനുഭവം. രോഗാവസ്ഥയിലും സഹനങ്ങളിലും ഏകാന്ത തയിലുമെല്ലാം കളിപ്പന്തായ തന്നെ ഈശോ തട്ടിക്കളിക്കുന്നു - വലിച്ചെറിയുന്നു - അടിക്കുന്നു എന്നാണ് വിശുദ്ധ പറയുന്നത്. എങ്കിലും അവൾ ഭയപ്പെട്ടില്ല, കാരണം ഈശോ ഈ കളിപ്പ ന്തിനെ ഉപേക്ഷിക്കില്ല എന്ന് അവൾക്ക് ഉറപ്പുണ്ടായിരുന്നു. ഈശോയുടെ കൈയിലെ കളിപ്പന്തായിരിക്കുന്നതിൽ അവൾക്ക് ഏറെ സന്തോഷമായിരുന്നു.

*വി. കൊച്ചുത്രേസ്യായുടെ ആത്മീയാനുഭവം നമുക്കും പ്രചോ ദനം നല്കട്ടെ. നമ്മുടെ കൊച്ചുകൊച്ചു വേദനകളിലും സഹനങ്ങളിലും നിരാശപ്പെടാതെ പ്രത്യാശ ഉള്ളവരായിരിക്കാം. ഒരു കളിപ്പന്തുപോലെ ഈശോ എന്നെയും ചേർത്തുപിടിക്കും. ഒരിക്കലും അവിടുന്ന് എന്നെ ഉപേക്ഷിക്കില്ല. വി. കൊച്ചുത്രേസ്യായോട് മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കുന്ന ശീലം നമുക്കും വളർത്താം.*

12

# കിളിക്കൂട്

**സ്**നേഹാലയത്തിന്റെ രണ്ടാം നിലയിൽ നിന്നും അനുമോൾ സൂക്ഷിച്ചുനോക്കി - അതാ... തേൻമാവിൻ കൊമ്പത്ത് ഒരു കിളിക്കൂട്. അതിനുള്ളിൽ നാല് കുഞ്ഞിക്കിളികൾ.....അവർ നാലുപേരും ചുണ്ടുകൾക്കൊണ്ട് പരസ്പരം സ്നേഹം പങ്കുവെയ്ക്കുന്നു. അവരുടെ ഭാഷയിൽ എന്തൊക്കെയോ സംസാരിക്കുന്നു. ഇടയ്ക്കിടയ്ക്ക് തല പുറത്തേക്കിട്ട് ആരെയോ നോക്കുന്നു. അനുമോൾക്ക് ഏറെ സന്തോഷമായി. കുഞ്ഞിക്കിളികളെ കിട്ടിയിരുന്നെങ്കിൽ.... ഒരു കൂടുണ്ടാക്കി വളർത്താമായിരുന്നു. തേൻമാവിൻ കൊമ്പത്തുനിന്ന് കിളിക്കൂട് എങ്ങനെയെടുക്കും... അപ്പോഴതാ തീറ്റ തേടിപ്പോയ അമ്മക്കിളി പറന്നടുക്കുന്നു. അമ്മക്കിളി നാലുപേരുടെയും കുഞ്ഞുചുണ്ടുകളിൽ തീറ്റവച്ചുകൊടുക്കുന്നു. കൗതുകകരമായ കാഴ്ച.



അനുമോളുടെ കണ്ണുകൾ നിറഞ്ഞു...... കവിൾത്തടങ്ങളിലൂടെ കണ്ണുനീർ ധാരധാരയായി ഒഴുകി....അമ്മയുടെ സ്നേഹം.... അതനുഭവിക്കുവാനുള്ള ഭാഗ്യം ലഭിക്കാത്ത ജന്മം... ജനിച്ചപ്പോഴേ

അമ്മ ഉപേക്ഷിച്ചുപോയ തന്നെക്കാളും എത്രയോ ഭാഗ്യമുള്ളവരാണ് ഈ കുഞ്ഞിക്കിളികൾ....

അന്നൊരിക്കൽ 'അനാഥക്കുട്ടി' എന്നുവിളിച്ച് കൂട്ടുകാർ കളിയാക്കിയപ്പോൾ താൻ പൊട്ടിക്കരഞ്ഞതും സ്കൂളിൽനിന്ന് ഇറങ്ങി ഓടിയതും ഓർത്തുപോയി. അന്ന് സ്നേഹാലയത്തിന്റെ മദർ ആഗ്നസമ്മ തന്നെ ചേർത്തുനിർത്തി തലോടിക്കൊണ്ട് പറഞ്ഞു: "മോൾ ഒരിക്കലും അനാഥയല്ല. നിനക്ക് അപ്പനും അമ്മയും ആയി ഞാനുണ്ട്." ആ കണ്ണുകളിൽ നിന്നും അടർന്നുവീണ കണ്ണുനീരിന്റെ നനവ് ഇപ്പോഴും തന്റെ നിറുകയിൽ അനുഭവപ്പെടുന്നു... അനാഥത്വത്തിന്റെ നൊമ്പരം അന്ന് തന്നെവിട്ടുപോയതാണ്. എന്നിട്ടും ഇന്ന് ഈ 'കിളിക്കൂട്' അനുഭവം തന്റെ ഉള്ളിലെ അനാഥത്വത്തെ തൊട്ടുണർത്തുന്നു.... തന്റെ ഹൃദയം ഒരു അമ്മത്തണലിനായി കൊതിക്കുന്നു...

പെറ്റമ്മയേക്കാളധികം സ്നേഹം ആഗ്നസമ്മ നല്കുന്നുണ്ട്. സ്വർഗ്ഗത്തിലും നിനക്ക് ഒരമ്മയുണ്ടെന്നുപറഞ്ഞ് ചാപ്പലിൽ മാതാവിന്റെ രൂപത്തിനു മുന്നിൽ കൊണ്ടുപോയി പ്രാർത്ഥിച്ചു. ആഗ്നസമ്മയുടെ ആ വലിയ ഹൃദയം തനിക്കും ഒരു കിളിക്കൂട് തന്നെ.....

*കണ്ണുള്ളപ്പോൾ കണ്ണിന്റെ കാഴ്ച അറിയില്ലെന്നു പറയുന്നതുപോലെ അമ്മമാർ ഉള്ളപ്പോൾ അവരുടെ വില അറിയില്ല. മാതൃസ്നേഹത്തിന്റെ മാധുര്യം തിരിച്ചറിഞ്ഞ് അമ്മമാരെ ബഹുമാനിക്കാനും സ്നേഹിക്കാനും സാധിച്ചാൽ അത് ഭാഗ്യമാണ്, അനുഗ്രഹമാണ്. അമ്മയുടെ വഴക്കുകളിലും, തിരുത്തലുകളിലും ചിലതൊക്കെ നിരസിക്കുന്നതിലും സ്നേഹവും നമ്മോടുള്ള കരുതലും ഉണ്ടെന്ന് തിരിച്ചറിയണം.*

# 13

# മുദ്ര

**പ**തിവിലും വിരുദ്ധമായി അന്നു രാവിലെതന്നെ സുമതി ടീച്ചർ സ്കൂളിലേക്ക് യാത്രയായി. കാരണം പത്താം ക്ലാസ്സിന്റെ റിസൾട്ട് അറിയുന്ന ദിവസമാണ്. വയലോരത്തുകൂടി നടന്നു നീങ്ങിയപ്പോൾ ഉള്ളിൽ പ്രാർത്ഥിച്ചു. അലീനയ്ക്ക് എല്ലാ വിഷയത്തിനും എ പ്ലസ് ലഭിക്കണമേ എന്ന്.

പരീക്ഷാഹാളിൽ വച്ചാണ് സുമതി ടീച്ചർ അലീനയെ ശ്രദ്ധിച്ചത്. ചോദ്യപേപ്പർ ലഭിച്ചാലുടൻ എല്ലാ പേജിന്റെയും നാലു കോണിലും കുരിശുവരയ്ക്കും. അതിനുശേഷം ശാന്തമായി ചോദ്യങ്ങൾ വായിക്കും. ഓരോ ഉത്തരക്കടലാസുകൾ വാങ്ങുമ്പോഴും നാലു കോണിലും കുരിശുവരച്ചതിനുശേഷമേ എഴുതാൻ ആരംഭിക്കൂ.



ഈ കാഴ്ച കണ്ട ടീച്ചർ കൗതുകത്തോടെ ചോദിച്ചു എന്തുകൊണ്ടാണിങ്ങനെ ചെയ്യുന്നതെന്ന്. ഉത്സാഹത്തോടും പ്രസന്നതയോടുംകൂടിയാണ് അലീന അതിനുത്തരം പറഞ്ഞത്. എല്ലാ പേപ്പറിലും സർക്കാരിന്റെയും ഹെഡ്മാസ്റ്ററുടെയും മുദ്ര ഉണ്ട്. എന്നാൽ ശത്രുക്കളിൽ നിന്ന് രക്ഷിക്കുന്ന ”കുരിശിന്റെ മുദ്ര” മാത്രം ഇല്ല. അതിൽ ഇല്ലാത്തതും, അത്യാവശ്യം വേണ്ടതുമായ “കുരിശിന്റെ മുദ്ര” ഞാൻ വയ്ക്കുകയായിരുന്നു. മനുഷ്യകുലത്തിനു രക്ഷ നല്കിയ കുരിശിന്റെ മുദ്ര ശത്രുക്കളിൽ നിന്നും ആപത്തനർത്ഥങ്ങളിൽ നിന്നും നമുക്ക് രക്ഷ നല്കും. ടീച്ചർക്കറിയുമോ ഞങ്ങളുടെ ഇടവക മദ്ധ്യസ്ഥനായ വി. റോക്കീസു പുണ്യാളൻ രോഗികളുടെ മേൽ കുരിശിന്റെ മുദ്രവച്ചു പ്രാർത്ഥിച്ചപ്പോൾ അവർക്കെല്ലാം സൗഖ്യം ലഭിച്ചു. നമ്മുടെ ശരീരത്ത് കുരിശിന്റെ മുദ്രകുത്തിയാൽ തിന്മയുടെ ശക്തികൾക്ക് നമ്മെ കീഴ്പ്പെടുത്താൻ പറ്റില്ല. എന്റെ അമ്മ അപ്പത്തിന് കലക്കി വയ്ക്കുമ്പോഴും, അരി കഴുകിക്കഴിയുമ്പോഴും കുരിശുവരച്ച് മുദ്രകുത്തും. പഠിക്കുന്നതിനുമുമ്പ് പുസ്തകത്തിലും, കിടക്കുന്നതിനു മുമ്പ് കട്ടിലിലും ഞങ്ങൾ കുരിശുവരയ്ക്കും. സുമതി ടീച്ചർ ഓർമ്മിച്ചു. “കുരിശിന്റെ മുദ്ര”യെക്കുറിച്ചു പറയാൻ അലീനയ്ക്ക് നൂറു നാവായിരുന്നു. ആരോ വിളിക്കുന്നല്ലോ– ടീച്ചർ ഫോൺ എടുത്തു “ഹലോ ടീച്ചർ ഞാൻ അലീനയാണ്. എനിക്ക് ഫുൾ എ പ്ലസ് ഉണ്ട്.” ആ വയലോരത്ത് ഒരു നിമിഷം കണ്ണുകളടച്ച് നിന്നുപോയ സുമതി ടീച്ചർ സ്വന്തം നെറ്റിയിലെ സിന്ദൂരപ്പൊട്ട് തുടച്ചുനീക്കി ഒരു വലിയ കുരിശു വരച്ചു.

*കുരിശിലാണ് നമ്മുടെ രക്ഷ.*

# 14

# കൊന്ത ഒരു ആയുധവും ആഭരണവും

**വി**രലിൽ എണ്ണാൻമാത്രം വളരെ കുറച്ചു കുട്ടികൾ പഠിക്കുന്ന ഒരു ഗവൺമെന്റ് സ്കൂളിലാണ് ജോബും അനുജത്തി സാറായും പഠിക്കുന്നത്. ജോബ് നാലാംക്ലാസിലും സാറാ ഒന്നാം ക്ലാസിലും. സ്വന്തമായി ഒരു കിടപ്പാടമോ, ഒരു സെന്റ് സ്ഥലമോ അവർക്ക് ഉണ്ടായിരുന്നില്ല. അവരുടെ അപ്പൻ കിടപ്പുരോഗിയും. അമ്മ അയൽവീടുകളിൽ പണിയെടുത്തു കിട്ടുന്നതുകൊണ്ടാണ് അവരുടെ കുടുംബം കഴിഞ്ഞുപോന്നത്. അമ്മ പണിക്കു പോകുമ്പോൾ ജോബ് അതിരാവിലെ ഉണർന്ന് അപ്പനെ കുളിപ്പിച്ചു ഭക്ഷണം കൊടുക്കും, വീട്ടുകാര്യങ്ങൾ നോക്കും, അനുജത്തി സാറായെ പഠിപ്പിക്കും. അതിനുശേഷം അവളെയും കൂട്ടി സ്കൂളിലേക്ക് പോകും. ബാല്യകാലത്തിൽത്തന്നെ ഒരു കുടുംബനാഥന്റെ എല്ലാ ഉത്തരവാദിത്വവും ജോബിന് ഏറ്റെടുക്കേണ്ടിവന്നു.



അന്ന് ഒരു വെള്ളിയാഴ്ചയായിരുന്നു. അടുത്ത രണ്ടുദിവസം അവധിയാണ്. വലിയ ഉത്സാഹത്തോടെയാണ് സ്കൂൾ കഴിഞ്ഞ് സാറായുടെ കൈപിടിച്ച് ജോബ് വീട്ടിലേക്ക് നടന്നത്. പാടത്തു കൂടെയും ഇടവഴിയിലൂടെയും ഒരു കിലോമീറ്റർ നടക്കണം വീട്ടി ലേക്ക്. പാതിവഴിയിലെത്തിയപ്പോൾ ശക്തമായ മഴയുടെ ലക്ഷ ണങ്ങൾ... കറുത്തിരുണ്ട കാർമേഘം... ഭയാനകമായ ഇടിയും മിന്നലും... ഒപ്പം ശക്തമായ കാറ്റും... ഇരുട്ട് വ്യാപിച്ചുതുടങ്ങി... മഴയ്ക്കു മുമ്പുള്ള വെള്ളിടിയുടെ ഭയാനകമായ മുഴക്കവും മിന്നൽപിണരുകളും... ഭയന്നുവിറച്ച സാറാ ഉറക്കെ കരയുവാൻ തുടങ്ങി. ഉള്ളിലുള്ള ഭയം പുറത്തുകാണിക്കാതെ ജോബ് അവളെ ആശ്വസിപ്പിക്കാൻ ശ്രമിച്ചെങ്കിലും സാധിച്ചില്ല. ഏതെങ്കിലും വീടിന്റെ ഇറമ്പടിയിൽ കയറി നിന്നാലോ... ചുറ്റും നോക്കി. വഴി യോരത്തെ എല്ലാ വീടുകളുടെയും ഗേറ്റ് പൂട്ടിക്കിടക്കുന്നു... കുര യ്ക്കുന്ന പട്ടിയും.

പെട്ടെന്നാണ് ഓർമ്മ വന്നത്. ആദ്യകുർബാന സ്വീകരണ ത്തിന് മെത്രാനച്ചൻ കഴുത്തിലിട്ടുതന്ന ഉത്തരീയവും കൊന്തയും "ഇതൊരു ആയുധവും, ആഭരണവുമാകട്ടെ" എന്ന അദ്ദേഹ ത്തിന്റെ ചൊല്ലും. വേഗം അവൻ അത് ഊരി അനുജത്തിയുടെ കഴുത്തിലിട്ട് അവളെ തന്റെ നെഞ്ചോടു ചേർത്തുപിടിച്ച് ആ വഴി യിൽ മുട്ടുകുത്തി ഉറക്കെ പ്രാർത്ഥിച്ചു. 'എന്റെ അമ്മേ, എന്റെ അനുജത്തിയെ രക്ഷിക്കണമേ..." ചേട്ടന്റെ ഉറക്കെയുള്ള നില വിളിയും പ്രാർത്ഥനയും കേട്ടപ്പോൾ അവളും കരച്ചിൽ അവസാ നിപ്പിച്ച് പ്രാർത്ഥിച്ചു: 'എന്റെ അമ്മേ എന്റെ ചേട്ടനെ രക്ഷിക്ക ണമെ..." നിമിഷങ്ങൾക്കകം അന്തരീക്ഷം ശാന്തമായി... ഇരുട്ടുമാറി ഇടിമിന്നൽ അവസാനിച്ചു. അവർ വീട്ടിലേക്ക് നടന്നു.

*കൊന്ത ഒരു ആയുധവും ആഭരണവുമാണ്. പരിശുദ്ധ അമ്മ യോടുള്ള സ്നേഹത്തിലും, ഭക്തിയിലും, പ്രാർത്ഥനയിലും നമുക്കു വളരാം. സാധിക്കുമ്പോഴൊക്കെ ജപമാല ചൊല്ലി പ്രാർത്ഥിക്കാം. അമ്മയെ കൂട്ടായി കൂടെ കൊണ്ടുനടക്കാം.*

# 15

# ഈശോയുടെ റോസാപുഷ്പം

"അമ്മേ... വിശക്കുന്നു" എന്നു പറഞ്ഞ് സ്കൂൾ വിട്ടുവരുമ്പോൾ നേരെ അടുക്കളയിലെത്തുന്ന ജിനുക്കുട്ടൻ പതിവില്ലാതെ സ്കൂൾ ബാഗ് കസേരയിൽവച്ചിട്ട് തൂമ്പയും, വാക്കത്തിയും, ബക്കറ്റും എടുത്ത് തോട്ടത്തിലേക്ക് പോകുന്ന കാഴ്ച അമ്മ ആലീസിന് ഏറെ കൗതുകകരമായി. മൂന്നാംക്ലാസുകാരൻ എന്താണാവോ ഇത്ര കാര്യമായി കൃഷി ചെയ്യുന്നത്? അവന് ഇഷ്ടപ്പെട്ട അടയും ചായയും തയാറാക്കുന്ന തിരക്കിലായിരുന്നു ആലീസ്. തന്റെ ജോലി എല്ലാം കഴിഞ്ഞിട്ടും മോനെ കാണാത്തതിനാൽ അവൾ ജനാലയിലൂടെ എത്തിനോക്കി. എന്തോ ഒരു കമ്പ് കുഴിച്ചുവച്ച്, അതിനു ചുറ്റും കുറെ കല്ലുകളും പെറുക്കിവച്ച്, തണലിനായി പച്ചിലക്കമ്പുകളും കുത്തിനിർത്തുന്ന കാഴ്ച കണ്ട് ആലീസ് ഊറിച്ചിരിച്ചു. അവൾ സാവകാശം തോട്ടത്തിലേക്ക്



നടന്നു. "എന്താ ഇത്ര കാര്യമായി കുഴിച്ചുവയ്ക്കുന്നത്? മോന് ഇന്ന് വിശപ്പൊന്നും ഇല്ലേ?" അവൾ സ്നേഹപൂർവം തിരക്കി.

ചേറ് പുരണ്ട കൈയ്യുമായി അവൻ അമ്മയുടെ അടുക്കലെത്തി പറഞ്ഞു. "അമ്മേ എന്റെ കൂട്ടുകാരൻ തന്ന റോസാക്കമ്പാണ്. എല്ലാദിവസവും രാവിലെയും വൈകുന്നേരവും വെള്ളം ഒഴിക്കണം. കുറച്ചുദിവസം കഴിയുമ്പോൾ ഇലകൾ വരും... എന്നിട്ട് നല്ല 'കുടുക്ക' പോലുള്ള റോസാപ്പൂ ഉണ്ടാകും. നല്ല കളറും സുഗന്ധവും ഉണ്ടാകും." ഇതെല്ലാം വിശദീകരിച്ചപ്പോൾ അവന്റെ മുഖത്തെ സന്തോഷവും കണ്ണുകളിലെ തിളക്കവും ആലീസ് ശ്രദ്ധിച്ചു. കുഴിച്ചുവച്ച റോസാക്കമ്പിൽ വിടരാൻപോകുന്ന പുഷ്പത്തെ അവൻ ഇപ്പോഴേ സ്വപ്നം കാണുന്നു എന്നു മനസ്സിലാക്കിയ ആലീസ് ചോദിച്ചു: "അതിൽ റോസാപുഷ്പം വിരിയുമ്പോൾ ജിനുക്കുട്ടൻ എന്തുചെയ്യും." അവൻ ഒട്ടും ആലോചിക്കാതെ മറുപടി പറഞ്ഞു: "അമ്മേ ഞാൻ ആ പുഷ്പത്തിൽ മുത്തംകൊടുത്ത് ആരും ഇറുത്തെടുക്കാതെ സൂക്ഷിക്കും."

ആലീസ് മോനെ ചേർത്തുപിടിച്ച് രണ്ടുകവിളിലും മുത്തം കൊടുത്തിട്ടു പറഞ്ഞു: "ഇതുപോലെ ഈശോ കാത്തുസൂക്ഷിക്കുന്ന ഒരു റോസാപുഷ്പം ഉണ്ട്. ഏതെന്നറിയുമോ കുട്ടന്?" അവൻ സംശയത്തോടെ അമ്മയുടെ കണ്ണുകളിലേക്ക് നോക്കി. അവൾ ദൃഢസ്വരത്തിൽ പറഞ്ഞു: "ഈശോയുടെ റോസാപുഷ്പമാണ് മോൻ. ഈശോ എപ്പോഴും മോനെ കാത്തുസംരക്ഷിക്കുന്നു." അതവനു നന്നായി മനസ്സിലായി. അവൻ ചോദിച്ചു. "അപ്പോൾ അമ്മയോ"? ചിരിച്ചുകൊണ്ടാണ് ആലീസ് മറുപടി പറഞ്ഞത്. "അമ്മയും ഈശോയുടെ റോസാപുഷ്പം ആണ്. നമ്മൾ രണ്ടുപേരും ഈശോയുടെ റോസാപുഷ്പങ്ങളാണ്."

*നമ്മളെല്ലാം ഈശോയ്ക്ക് ഏറ്റവും പ്രിയപ്പെട്ട റോസാപുഷ്പങ്ങളാണ്. ഈശോ നമ്മെ ഒത്തിരിയേറെ സ്നേഹിക്കുന്നു. നമുക്കും ഈശോയെ സ്നേഹിക്കാം. ഈശോയുടെ സ്നേഹത്തിൽ വളരാം.*

## 16

# അമ്മയ്ക്കു പകരം അമ്മ മാത്രം

**ആ**ഫ്രിക്കയിലെ അനാഥാലയങ്ങളിൽ നടത്തിയ സർവേകളിൽ സത്സ്വഭാവത്തിനും, മൂല്യാധിഷ്ഠിത ജീവിതത്തിനും തുടർച്ചയായി മൂന്നാം പ്രാവശ്യവും പുരസ്കാരം ലഭിച്ചത് ക്രിസ് എന്നു വിളിക്കപ്പെടുന്ന ക്രിസ്റ്റഫറിനാണ്. എന്തുകൊണ്ടാണ് ഒരു കുട്ടിക്കു തന്നെ മൂന്നാം തവണയും പുരസ്കാരം ലഭിക്കുന്നത്. അതിനുള്ള കാരണം തേടിയാണ് ഫെർണാണ്ടസിന്റെ നേതൃത്വത്തിലുള്ള മൂന്നംഗസംഘം അമേരിക്കയിൽനിന്നും ആഫ്രിക്കയിലെത്തിയത്. നിരവധിയായ അനാഥാലയങ്ങളിലെ നൂറുകണക്കിന് കുട്ടികളിൽനിന്നും ക്രിസ്റ്റഫറിനെ വ്യത്യസ്തനാക്കുന്നതെന്തെന്ന് കണ്ടെത്തുക അതാണവരുടെ ലക്ഷ്യം.



കുടുംബങ്ങളിൽനിന്നും, മാതാപിതാക്കളിൽനിന്നും സഹോദരങ്ങളിൽനിന്നും ലഭിക്കേണ്ട സ്നേഹം ലഭിക്കാത്തതിന്റെ പരിണിതഫലങ്ങളായ വിഷാദം, അക്രമാസക്തി, അപകർഷത, ദേഷ്യം, വൈരാഗ്യം ഇത്യാദികാര്യങ്ങൾ ക്രിസിനെ ബാധിച്ചില്ലെന്നു മാത്രമല്ല-

സ്നേഹം, ശാന്തത, പങ്കുവയ്ക്കൽ, സഹകരണം, സത്യസന്ധത, ക്ഷമ, ആർദ്രത, കാരുണ്യം, വിനയം, എളിമ എന്നിങ്ങനെയുള്ള മൂല്യങ്ങളിൽ ക്രിസ് എപ്പോഴും മുൻപന്തിയിലുമാണ്. ഇതിന്റെ രഹസ്യം കണ്ടെത്തുക-പഠിക്കുക-ഇതൊക്കെയായിരുന്നു മൂന്നംഗസംഘത്തിന്റെ ലക്ഷ്യം.

രണ്ടുദിവസത്തെ സഹവാസത്തിനും, നിരീക്ഷണത്തിനും, പഠനത്തിനുംശേഷം തൃപ്തികരമായ ഉത്തരം ലഭിക്കാത്ത ഫെർണാണ്ടസ് കുട്ടികൾ ഉറങ്ങാൻ പോയപ്പോൾ അവരറിയാതെ അവരെ നിരീക്ഷിച്ചു. കൂട്ടുകാരെല്ലാം ഉറങ്ങി എന്ന് ഉറപ്പായപ്പോൾ ക്രിസ് സാവകാശം എണീറ്റു. തന്റെ പായ് മടക്കി ഒരു മൂലയിൽ ഒതുക്കിവച്ചു. തറയിൽ താൻതന്നെ വരച്ച അമ്മയുടെ ചിത്രം; ശബ്ദമുണ്ടാക്കാതെ ബാഗിൽനിന്നും ടർക്കി എടുത്ത് മുട്ടുകുത്തി കൈ എത്തിച്ച് ചിത്രത്തിലെ പൊടിപടലങ്ങളെല്ലാം തുടച്ചുവൃത്തി യാക്കി. കൈകൾകൂപ്പി കുറെ സമയം നോക്കിനിന്നു. സ്നേഹ ത്തോടെ അമ്മയുടെ ചെവിയിൽ എന്തൊക്കെയോ മന്ത്രിക്കുന്നു. തുടരെത്തുടരെ കണ്ണുനീർ തുടയ്ക്കുന്നു. വീണ്ടും സ്നേഹ ത്തോടെ എന്തൊക്കെയോ കുശലം പറയുന്നു. ചിരിക്കുന്നു. അവ സാനം ആ ചിത്രത്തിലെ കവിളിലൊരു മുത്തവും കൊടുത്തു. ആ മാറിൽ ചുരുണ്ടുകൂടി സുഖമായി കിടന്നുറങ്ങുന്നു. ഇതെല്ലാം കണ്ടുനിന്ന ഫെർണാണ്ടസിന് തന്റെ കണ്ണുനീരും, ഹൃദയത്തിന്റെ വിങ്ങലും അടക്കാനാവാതെ മുറിയിലേക്ക് വേഗം നടന്നു. കേട്ടു മറന്ന പാട്ടിന്റെ ഈരടികൾ ഹൃദയത്തിൽ ഓളം തള്ളി.

അമ്മതൻ മാറിൽ
മയങ്ങും കുഞ്ഞിന്റെ
ശാന്തത ഇന്നെനിക്കേകൂ
ദൈവമേ അങ്ങെനിക്കേകൂ

*അമ്മ ഒരു വലിയ സത്യമാണ്; പ്രതിഭാസമാണ്, ആശ്വാസ മാണ്, കാരുണ്യക്കടലാണ്. അമ്മയുള്ളപ്പോൾത്തന്നെ അമ്മയുടെ വില തിരിച്ചറിയുന്നവരാകാം. അമ്മയെ സ്നേഹിക്കുന്നവരാകാം.*

17

# തിരുനോട്ടം

**അ**പർണ ചുറ്റും നോക്കി. ആരും തന്നെ ശ്രദ്ധിക്കുന്നില്ല. നെഞ്ചിലും, തൊണ്ടയിലും കാർമേഘം ഘനീഭവിച്ചിരിക്കുന്നു. കൈയിലിരുന്ന തൂവാല കടിച്ചുപിടിച്ച് ഒരു ദീർഘശ്വാസം വിട്ടു. അതൊരു തേങ്ങലായി... വിങ്ങിപ്പൊട്ടലായി...

ഏകമകളെ പട്ടണത്തിലെ വലിയ സ്കൂളിൽ ചേർത്ത് പഠിപ്പിക്കണം എന്നത് മമ്മിയുടെ വലിയ ഒരാഗ്രഹമായിരുന്നു. മനസ്സില്ലാമനസ്സോടെയാണ് ഡാഡി ആ ആഗ്രഹത്തിന് സമ്മതം മൂളിയത്. നഗരത്തിലെ പുതിയ സ്കൂളിനെക്കുറിച്ചുള്ള ചിന്തകളും സ്വപ്നങ്ങളും മാത്രമായിരുന്നു അന്ന് തന്റെ മനസ്സിലും ഉണ്ടായിരുന്നത്. ഡാഡിയേയും മമ്മിയേയും പിരിയുന്ന കാര്യം ചിന്തിച്ചതേയില്ല. മോൾക്ക് ഹോസ്റ്റലിൽ ഒരു കുറവും ഉണ്ടാകരുത് എന്നു കരുതി സാധനങ്ങളെല്ലാം വാങ്ങി പെട്ടിയടുക്കുമ്പോൾ മോളെ



പിരിയുന്ന കാര്യം മമ്മിയും ചിന്തിച്ചിട്ടില്ല. അതുകൊണ്ടാണല്ലോ യാത്ര പറഞ്ഞപ്പോൾ നൂറ് മുത്തം തന്ന് പൊട്ടിക്കരഞ്ഞത്. ഡാഡി യാകട്ടെ യാത്രപോലും പറയാതെയാണ് കാറിൽ കയറിയത്. തിരി ഞ്ഞുനോക്കിയതുമില്ല. എത്ര സങ്കടം വന്നാലും ഡാഡി കരയുക യില്ല. പക്ഷേ, ആ കണ്ണുകൾ ചുവപ്പുകളറാകും. പിരിയുമ്പോൾ ഡാഡിയുടെ കണ്ണുകൾ, രക്തം കട്ടകെട്ടി നിൽക്കുന്നമാതിരി യായി. ആ കണ്ണുകളിലേക്ക് നോക്കിയപ്പോഴാണ് തന്റെ തൊണ്ട യുടെ ഭാരം താങ്ങാനാവാത്തതായത്.

ബാല്യകാലസ്മരണകളും വേർപാടിന്റെ വേദനകളും ആ തൂവാലയിൽ അവൾ കടിച്ചമർത്തി. ഹോസ്റ്റലിൽ തനിക്കായ് ലഭിച്ച മുറിയിൽപോയി ഒന്ന് ഉറക്കെ കരഞ്ഞാലോ. നടക്കുമ്പോൾ കണ്ടു ഒരു ബോർഡ് "നിത്യാരാധന ചാപ്പൽ". അപർണ സാവകാശം ചാപ്പലിൽ കയറി ഏറ്റവും പുറകിലായി ഇരുന്നു. പരിശുദ്ധ കുർബാന എഴുന്നള്ളിച്ചുവച്ചിരിക്കുന്നു. കത്തിച്ച തിരികളും പുഷ്പങ്ങളും. താഴെയായി തിളക്കമാർന്ന കണ്ണുകളോടെ ഈശോ യുടെ ചിത്രം. അവൾ വീണ്ടും നോക്കി... ആ കണ്ണുകൾ തന്നെ നോക്കുന്നു... എന്തൊക്കെയോ സംസാരിക്കുന്നു... അവൾ കണ്ണു നീർ തുടച്ച് വീണ്ടും നോക്കി... കരുണയോടെ... സ്നേഹ ത്തോടെ... തന്നെമാത്രം നോക്കുന്ന ഈശോ... അവൾ സാവകാശം എണീറ്റ് അൾത്താരയുടെ അടുക്കൽപോയി മുട്ടുകുത്തി ആ കണ്ണു കളിലേക്കു തന്നെ നോക്കിയിരുന്നു. ആ നോട്ടം - തിരുനോട്ടം... തന്റെ ദുഃഖങ്ങളെല്ലാം ആ നോട്ടത്തിൽ അലിഞ്ഞലിഞ്ഞില്ലാ തായി. മനസ്സിന്റെ ഭാരങ്ങളെല്ലാം എവിടെയോ പോയ്മറഞ്ഞു. അന്ന് ഉറങ്ങുന്നതിനു മുമ്പ് അവൾ തന്റെ ഡയറിയിൽ കുറിച്ചു.

'ഇമവെട്ടാതെ നോക്കുന്നതെന്തേ
നാഥാ നിൻ നേത്രങ്ങളാലെന്നെ
ഹാ! എത്ര മാധുര്യം നിൻ നേത്രങ്ങൾ
ജീവൻ സ്ഫുരിക്കും മനോജ്ഞ നേത്രങ്ങൾ'

*സിക്കമൂർ മരത്തിലിരുന്ന സക്കേവൂസിനെ നോക്കിയ ഈശോ, തള്ളിപ്പ റഞ്ഞ പത്രോസിനെ നോക്കിയ ഈശോ സദാസമയം നമ്മെയും നോക്കുന്നുണ്ട്. ആ നോട്ടത്തിലെ സ്നേഹം, കാരുണ്യം, ആശ്വാസം ഇവയൊക്കെ അനുഭവിച്ചറി യുവാൻ ഈശോയുടെ അടുക്കൽ നമുക്കും ശാന്തമായി സ്വസ്ഥമായി ഇരിക്കാം.*

18

# ഏലിയായും ഏലീഷായും

ഏലിയാ പ്രവാചകന്റെ ശിഷ്യനായിരുന്നു ഏലീഷാ പ്രവാചകൻ. ഏലിയായുടെ ഈ ലോക വാസം അവസാനിക്കാറായെന്നും, അദ്ദേഹം സ്വർഗത്തിലേക്ക് എടുക്കപ്പെടുമെന്നും ഏലീഷായ്ക്ക് മനസ്സിലായി. ആ നിമിഷം മുതൽ ശിഷ്യൻ ഗുരുവിനെ വിട്ടുമാറാതെ അദ്ദേഹം പോകുന്നിടത്തെല്ലാം പദാനുപദം അനുഗമിച്ചു. ഗുരുവാകട്ടെ ശിഷ്യനെ മറ്റു പ്രവാചകന്മാരോടൊപ്പം നിർത്തിയിട്ട് വിജനപ്രദേശം തേടി അലഞ്ഞു. എന്നാൽ, അവിടെയെല്ലാം ഒരു നിഴൽപോലെ ശിഷ്യനും പിന്നാലെ കൂടി. ബഥേലിലേക്കും ജറീക്കോയിലേക്കും, ജോർദാനിലേക്കും തന്റെ പിന്നാലെ വന്ന ഏലീഷായോട് ഏലിയാ പ്രവാചകൻ ചോദിച്ചു.



"നിന്നിൽനിന്നും എടുക്കപ്പെടുന്നതിനു മുമ്പ് ഞാൻ നിനക്ക് എന്താണ് ചെയ്തുതരേണ്ടത്? ഉത്തരം പെട്ടെന്നായിരുന്നു. "അങ്ങയുടെ ആത്മാവിന്റെ ഇരട്ടിപ്പങ്ക് എനിക്കു വേണം" ഏലിയാ പറഞ്ഞു. "ദുഷ്കരമായ കാര്യമാണ് നീ ചോദിച്ചത്. എങ്കിലും ഞാൻ എടുക്കപ്പെടുന്നത് നീ കാണുകയാണെങ്കിൽ നിനക്ക് ലഭിക്കും. കണ്ടില്ലെങ്കിൽ ലഭിക്കുകയില്ല."

ആത്മാവിന്റെ ഇരട്ടിപ്പങ്ക് സ്വന്തമാക്കുക എന്ന ദുഷ്കരമായ കാര്യം സാധ്യമാക്കുന്നതിനായി ദൃഢനിശ്ചയത്തോടെ ഏലീഷാ പ്രവാചകൻ ഏലിയായെ അനുഗമിച്ചു. യാത്രയിൽ പല സ്ഥലത്തും പ്രവാചകഗണത്തെ സന്ദർശിച്ചപ്പോൾ ഏലിയാ ഏലീഷായോടു പറഞ്ഞു. ദയവായി നീ ഇവരോടൊപ്പം ഇവിടെ നിൽക്കുക എന്ന്. എല്ലായ്പ്പോഴും ഏലീഷാ പ്രതിവചിച്ചു. "കർത്താവിനെയും അങ്ങയേയും സാക്ഷിയാക്കി ഞാൻ പറയുന്നു. ഞാൻ ഇന്ന് അങ്ങയെ വിട്ടുമാറില്ല" എന്ന്. ഒരു കൊച്ചുകുഞ്ഞിന്റെ പിടിവാശി എന്നപോലെ ഏലീഷാ ആത്മാവിന്റെ ഇരട്ടിപ്പങ്കിനായി ദാഹിച്ചു. അവർ സംസാരിച്ചുകൊണ്ടുപോകുമ്പോൾ ഒരു ആഗ്നേയരഥവും, ആഗ്നേയാശ്വങ്ങളും അവരെ വേർപെടുത്തി. ഈ സമയം ഒരു ചുഴലിക്കാറ്റിൽ ഏലിയ സ്വർഗത്തിലേക്ക് ഉയരുന്നതുകണ്ട് ഏലീഷാ നിലവിളിച്ചു. "എന്റെ പിതാവേ, എന്റെ പിതാവേ, ഇസ്രായേലിന്റെ രഥങ്ങളും, സാരഥികളും."

ആത്മാവിന്റെ ഇരട്ടിപ്പങ്കിന്റെ അടയാളമായി ഏലിയായിൽനിന്ന് വീണുകിട്ടിയ മേലങ്കിയുമായി ഏലീഷാ തിരിച്ചുനടന്നു. ജോർദ്ദാൻ നദിയുടെ കരയിലെത്തിയപ്പോൾ "ഏലിയായുടെ ദൈവമായ കർത്താവ് എവിടെ എന്ന് പറഞ്ഞ് ആ മേലങ്കികൊണ്ട് അവൻ വെള്ളത്തിൻമേൽ അടിച്ചു. വെള്ളം ഇരുവശത്തേക്കും മാറി. അവൻ കടന്നുപോയി.

*ആത്മാവിന്റെ അഭിഷേകത്തിനായി തീക്ഷ്ണതയോടെ പ്രാർത്ഥിക്കുക. പരിശുദ്ധാത്മാവിനെ വേദനിപ്പിക്കുന്ന എല്ലാ കാര്യങ്ങളിൽനിന്നും അകന്നു നിൽക്കുക. അങ്ങനെ ആത്മാവിന്റെ വരദാനഫലങ്ങളാൽ നമുക്കു നിറയാം.*

# 19

# റക്കാബ്യരുടെ അനുസരണം

**ക**ർത്താവിന്റെ അരുളപ്പാടനുസരിച്ച് ഒരിക്കൽ ജറമിയാ പ്രവാചകൻ റക്കാബ്യരെ മുഴുവനും ഒരു മുറിയിൽ ഒരുമിച്ചുകൂട്ടി. അതിനുശേഷം വീഞ്ഞുനിറച്ച കുടങ്ങൾ അവരുടെ മുമ്പിൽ നിരത്തി. എല്ലാവർക്കും പാനപാത്രങ്ങൾ നൽകിക്കൊണ്ട് പ്രവാചകൻ പറഞ്ഞു. എല്ലാവരും വീഞ്ഞ് കുടിച്ചുകൊള്ളുക. എന്നാൽ അവർ പറഞ്ഞു ''ഞങ്ങൾ വീഞ്ഞ് കുടിക്കുകയില്ല'' കാരണം തിരക്കിയ ജറമിയാ പ്രവാചകനോട് അവർ പറഞ്ഞു. റക്കാബിന്റെ മക്കളായ ഞങ്ങൾ വീഞ്ഞ് കുടിക്കുകയില്ല. റക്കാബിന്റെ മകനും ഞങ്ങളുടെ പിതാവുമായ യോനാദാവ് ഞങ്ങളോട് കല്പിച്ചിട്ടുണ്ട്. “നിങ്ങളും, നിങ്ങളുടെ സന്തതികളും ഒരിക്കലും വീഞ്ഞ് കുടിക്കരുത് എന്ന്.” ആ കല്പന ഞങ്ങൾ അന്നും ഇന്നും അഭംഗുരം കാത്തുപോരുന്നു.



ജറമിയ നല്കിയ വീഞ്ഞ് കുടിക്കുകയോ, രുചിച്ചു നോക്കുകയോ ചെയ്യാതെ, പിതാക്കന്മാരുടെ കല്പന തലമുറകളോളം അനുസരിച്ചുപോന്ന റക്കാബ്യരെ ദൈവം അനുഗ്രഹിക്കുന്നുണ്ട്. ദൈവസന്നിധിയിൽ ശുശ്രൂഷ ചെയ്യുവാൻ റക്കാബ്യരുടെ കുടുംബത്തിന് ആൺ സന്തതികൾ അറ്റുപോകുകയില്ല എന്ന് ദൈവം വാഗ്ദാനം ചെയ്തു. ദൈവത്തേയും ദൈവകല്പനകളേയും അനുസരിക്കുന്നവരേയും അവരുടെ സന്തതികളേയും മാത്രമല്ല, അവരുടെ തലമുറയേയും ദൈവം അനുഗ്രഹിക്കുന്നു.

ദൈവത്തിന്റെ ഇഷ്ടം നിറവേറ്റുന്നതാണ് അനുസരണം. ദൈവത്തിന്റെ മനസ്സറിഞ്ഞ് അതനുസരിച്ച് നമ്മുടെ ജീവിതത്തെ ക്രമീകരിക്കണം. മറ്റൊരുവാക്കിൽ പറഞ്ഞാൽ ശ്രവണവും, പ്രത്യുത്തരവുമാണ് അനുസരണം. അനുസരണത്തിന്റെ പ്രേരകശക്തി വിശ്വാസവും സ്നേഹവുമാണ്. "ഇതാ കർത്താവിന്റെ ദാസി" എന്നു പറഞ്ഞ് ദൈവഹിതത്തിന് തന്നെത്തന്നെ സമർപ്പിച്ച പരിശുദ്ധ അമ്മ അനുസരണത്തിൽ നമുക്ക് മാതൃകയാണ്. കുരിശുമരണത്തോളം ദൈവഹിതത്തിന് കീഴ്വഴങ്ങിയ ഈശോയെ നമുക്ക് അനുകരിക്കാം.

*കുട്ടികളായ നമ്മൾ ആരെയൊക്കെയാണ് അനുസരിക്കേണ്ടത്. ദൈവത്തെ അനുസരിക്കണം. ദൈവകല്പനകൾ പാലിക്കണം. മാതാപിതാക്കൾ പറയുന്ന ചെറുതും വലുതുമായ കാര്യങ്ങൾ അനുസരിക്കണം. നമ്മുടെ ഗുരുക്കന്മാരെ അനുസരിക്കണം. അങ്ങനെ റക്കാബ്യരെപോലെ നമുക്കും ദൈവത്തിന്റെ അനുഗ്രഹം സ്വന്തമാക്കാം.*

# 20

# തോബിത്തും റഫായേലും

**തോ**ബിത്തിന്റെ കാലഘട്ടത്തിൽ രാജാക്കന്മാരാണ് നാടുഭരിച്ചിരുന്നത്. എന്തെങ്കിലും കാരണത്താൽ രാജകോപത്തിന് ഇരയാകുന്നവരെ വധിക്കുവാൻ രാജാവ് കല്പന പുറപ്പെടുവിച്ചിരുന്നു. യാതൊരു തെറ്റും ചെയ്യാത്തവരും രാജകോപത്തിന് ഇരയായി വധിക്കപ്പെട്ടിട്ടുണ്ട്. അങ്ങനെ വധിക്കപ്പെടുന്നവരുടെ മൃതശരീരങ്ങൾ മറ്റുള്ളവർ കാണുന്നതിനുവേണ്ടി തെരുവീഥികളിൽത്തന്നെ കിടത്തും.

തോബിത്തിന് മരിച്ചവരോട് ഏറെ ബഹുമാനമായിരുന്നു. മൃതശരീരങ്ങൾ തെരുവിൽ കിടക്കുന്നതുകണ്ടാൽ ആരും അറിയാതെ തോബിത്ത് അതു രഹസ്യമായി സംസ്കരിച്ചിരുന്നു. ഇതറിഞ്ഞ ആരോ ഒരാൾ രാജാവിനെ വിവരം അറിയിച്ചു. തോബിത്തിനെ കൊല്ലാൻ രാജാവ് അന്വേഷിക്കുന്നു എന്നറിഞ്ഞപ്പോൾ അവൻ നാടുവിട്ട് ഓടിപ്പോയി. രാജാവ് അവന്റെ വസ്തുവകകളും സ്വത്തുക്കളും കണ്ടുകെട്ടി. അവന്റെ ഭാര്യ അന്നയും മകൻ തോബിയാസും മാത്രം അവശേഷിച്ചു. ഏതാനും നാളുകൾ കഴിഞ്ഞപ്പോൾ രാജാവിന്റെ മക്കൾ തന്നെ രാജാവിനെയും വധിച്ചു. രാജാവ് വധിക്കപ്പെട്ടു എന്നറിഞ്ഞ തോബിത്ത് സ്വന്തം നാട്ടിലേക്ക് തിരിച്ചുവന്നു.



വിഭവസമൃദ്ധമായ സദ്യ ഒരുക്കി തോബിത്തിന്റെ ഭാര്യ അന്നയും

മകൻ തോബിയാസും സന്തോഷത്തോടെ തോബിത്തിനെ സ്വീകരിച്ചു. ഭക്ഷണപദാർത്ഥങ്ങളുടെ സമൃദ്ധികണ്ടപ്പോൾ തെരുവിൽ പോയി ദരിദ്രരെകൂടി വിളിച്ചുകൊണ്ടുവരുവാൻ തോബിത്ത് മകനോട് ആവശ്യപ്പെട്ടു. ദരിദ്രരെ വിളിക്കുവാൻ പോയ മകൻ ഓടിവന്ന് പിതാവിനോട് പറഞ്ഞു. ചന്തസ്ഥലത്ത് ആരോ ഒരാളെ കൊന്നിട്ടിരിക്കുന്നു എന്ന്. ഭക്ഷണം തൊട്ടുനോക്കുകപോലും ചെയ്യാതെ തോബിത്ത് ചന്തസ്ഥലത്തേക്ക് ഓടി. സൂര്യാസ്തമയം വരെ ശവശരീരം ആരുമറിയാതെ ഒളിച്ചുവച്ചു. രാത്രിയിൽ ആരും കാണാതെ കുഴികുഴിച്ച് മൃതശരീരം മറവു ചെയ്തു. ഈ പ്രവൃത്തി രാജാവറിഞ്ഞാൽ വധശിക്ഷ ഉറപ്പാണെന്ന് അവനറിയില്ലേ-ഒരിക്കൽ നാടുവിട്ട് ഓടിപ്പോയവനാണ്- എന്നിട്ടും ഇതാ പഴയപടി മരിച്ചവരെ സംസ്കരിക്കുന്നു എന്നൊക്കെ പറഞ്ഞ് ബന്ധുക്കളും അയൽക്കാരും അവനെ പരിഹസിച്ചു.

യഹൂദരുടെ നിയമം അനുസരിച്ച് മൃതശരീരത്തിൽ സ്പർശിച്ച് അശുദ്ധനായതുകൊണ്ട് അവൻ വീടിനു പുറത്ത് മതിലിനോടു ചേർന്നാണ് രാത്രി കിടന്നുറങ്ങിയത്. രാത്രിയിൽ മതിലിലിരുന്ന കുരുവിയുടെ ചുടുകാഷ്ഠം വീണ് തോബിത്തിന്റെ രണ്ടു കണ്ണുകളുടെയും കാഴ്ച നഷ്ടപ്പെട്ടു. അന്ധനായിതീർന്നിട്ടും താൻ ചെയ്ത സൽകൃത്യങ്ങളെക്കുറിച്ച് കുണ്ഠിതപ്പെടുകയോ, ദൈവത്തെ പഴിക്കുകയോ തോബിത്ത് ചെയ്തില്ല.

ജീവിതകാലം മുഴുവനും വിശ്വസ്തനായി ജീവിച്ച തോബിത്തിന്റെ ജീവിതത്തിലേക്ക് ദൈവം തന്നെ ഇറങ്ങിവന്നു. തന്റെ ഏഴു പരിശുദ്ധ ദൂതന്മാരിൽ ഒരുവനായ റഫായേലിനെത്തന്നെ ഒരു ഉത്തമ സുഹൃത്തിന്റെ രൂപത്തിൽ ദൈവം തോബിത്തിന്റെ അടുക്കലേക്ക് അയച്ചു. ഒരു കുടുംബനാഥനെന്ന നിലയിൽ തോബിത്ത് നിർവഹിക്കേണ്ട മുഴുവൻ ഉത്തരവാദിത്വങ്ങളും റഫായേൽ ഏറ്റെടുത്തു. മകൻ തോബിയാസിന് ആചാരപ്രകാരം തന്റെ കുലത്തിൽനിന്നുതന്നെ ഒരു പെണ്ണിനെ കണ്ടെത്തി വിവാഹം നടത്തുക, തോബിത്ത് പ്രവാസജീവിതകാലത്ത് സമ്പാദിച്ച ധനം ഏല്പിച്ചയാളുടെ അടുക്കൽനിന്ന് തിരിച്ചുവാങ്ങുക, തോബിത്തിന്റെ കണ്ണുകളുടെ കാഴ്ച വീണ്ടെടുക്കുക ഇതെല്ലാം ദൈവദൂതൻ ചെയ്തുകൊടുത്തു.

*സുകൃതജീവിതം, വിശ്വസ്തത, ഭക്തരോടുള്ള പരിഗണന, ഇവയെല്ലാം നമ്മുടെ ജീവിതത്തിൽ കാത്തുസൂക്ഷിച്ചാൽ ദൈവം നമ്മുടെ ജീവിതത്തിലും ഇടപെടും.*

## 21

# ഹബക്കുക്കിന്റെ ആകാശയാത്ര

**യൂ**ദയാ നാട്ടിൽ ഹബക്കുക്ക് എന്നറിയപ്പെടുന്ന ഒരു പ്രവാചകൻ ഉണ്ടായിരുന്നു. എപ്പോഴും പ്രാർത്ഥിച്ചും ദൈവസ്വരം ശ്രവിച്ചും ആയിരുന്നു അദ്ദേഹം ജീവിച്ചിരുന്നത്. ദൈവഹിതം നിറവേറ്റുക അദ്ദേഹത്തിന്റെ ജീവിതലക്ഷ്യം ആയിരുന്നു. അനീതിയും അക്രമവും നാട്ടിൽ നടക്കുമ്പോൾ അദ്ദേഹം ഏറെ വേദനിച്ചിരുന്നു. നീതി നടപ്പിലാക്കുവാനായി ആഗ്രഹിക്കുകയും ദൈവത്തോട് അപേക്ഷിക്കുകയും ചെയ്തിരുന്നു. ദൈവത്തെ സ്നേഹിച്ചിരുന്ന പ്രവാചകൻ ഭൂമിയെയും വയലിനെയും കൃഷിയെയും ഇഷ്ടപ്പെട്ടിരുന്നു.

ഒരുദിവസം പ്രവാചകൻ കൊയ്ത്തുകാർക്കുള്ള ഭക്ഷണവുമായി വയലിലേക്ക് പോകുകയായിരുന്നു. പൊടിച്ച അപ്പവും കറിയും പാത്രത്തിൽ ഉണ്ടായിരുന്നു. വയലിൽ എത്തുന്നതിനു മുമ്പേ കർത്താവിന്റെ ദൂതൻ ഹബക്കുക്കിനോടു പറഞ്ഞു: “നിന്റെ കൈയിലിരിക്കുന്ന ഈ ഭക്ഷണം ബാബിലോണിലെ സിംഹക്കുഴിയിൽ കിടക്കുന്ന ദാനിയേലിന് കൊണ്ടുപോയി കൊടുക്കുക.”



കർത്താവിന്റെ സ്വരം അഭംഗുരം പാലിച്ചുപോന്ന ഹബക്കുക്കിന് ഏറെ പ്രയാസമായി. ബാബിലോൺ... കേട്ടിട്ടുപോലുമില്ല. എങ്ങനെ അവിടെച്ചെന്നു പറ്റും... അവിടെയുള്ള സിംഹക്കുഴി കണ്ടെത്തുക... സിംഹക്കുഴിയിൽ കടന്ന് ദാനിയേലിന് ഭക്ഷണം നല്കുക... ഇതൊക്കെ തന്നെക്കൊണ്ടു സാധിക്കുന്ന കാര്യമല്ലെന്ന് ഹബക്കുക്കിന് തോന്നി.

നാളിതുവരെ കർത്താവിന്റെ സ്വരത്തിന് കീഴടങ്ങിയ പ്രവാചകന് ഏറെ സങ്കടമായി. തന്റെ നിസ്സഹായവസ്ഥ പ്രവാചകൻ ദൂതനെ അറിയിച്ചു. ഉടനെ ദൂതൻ ഹബക്കുക്കിന്റെ മുടിയിൽ പിടിച്ച് മുകളിലേക്ക് ഉയർന്ന് ബാബിലോണിനെ ലക്ഷ്യമാക്കി കുതിച്ചു. വായുവേഗത്തിൽ ഒരു ആകാശയാത്ര... ആ യാത്ര ബാബിലോണിലെ സിംഹക്കുഴിയുടെ മുകളിലാണ് ചെന്നുനിന്നത്. സ്ഥലം എത്തി എന്നു മനസ്സിലാക്കിയ ഹബക്കുക്ക് വിളിച്ചു പറഞ്ഞു: "ദാനിയേൽ... ദാനിയേൽ... ദൈവം നിനക്ക് എത്തിച്ചു തന്ന ഭക്ഷണം കഴിച്ചാലും."

ആറുദിവസമായി ഭക്ഷണം കഴിക്കാതെ സിംഹക്കുഴിയിൽ കഴിഞ്ഞ ദാനിയേൽ എണീറ്റ് ഇങ്ങനെ പറഞ്ഞു: "ദൈവമേ അങ്ങ് എന്നെ ഓർമ്മിച്ചിരിക്കുന്നു. അങ്ങയെ സ്നേഹിക്കുന്നവരെ അങ്ങ് ഉപേക്ഷിക്കുകയില്ല." ദൈവത്തെ സ്തുതിച്ചുകൊണ്ട് ദാനിയേൽ ഭക്ഷണം കഴിച്ചു. ദാനിയേൽ ഭക്ഷണം കഴിച്ചുകഴിഞ്ഞപ്പോൾ കർത്താവിന്റെ ദൂതൻ ഹബക്കുക്കിനെയും വഹിച്ചുകൊണ്ട് യൂദയാ നാട്ടിലേക്കു മടങ്ങി.

*ദൈവത്തിന് അസാധ്യമായി ഒന്നുമില്ല. നാം ക്ഷമയോടെ, സ്ഥിരതയോടെ അവിടുത്തെ സ്നേഹത്തിൽ നിലനിൽക്കണം. നമ്മുടെ സഹനങ്ങളും വേദനകളും ദൈവം കാണുന്നുണ്ട്. ദൈവത്തിന്റെ സമയത്തിനായി കാത്തിരിക്കുവാനുള്ള ഒരു മനസ്സ് നമുക്ക് ഉണ്ടാകണം.*

22

# സാറായും അസ്മോദേവൂസും

**മേ**ദിയായിൽ റഗുവേൽ എന്നൊരു ദൈവഭക്തനുണ്ടായിരുന്നു. അയാളുടെ ഏക മകളാണ് സാറാ. ഏറെ സന്തോഷത്തോടും പ്രതീക്ഷയോടും കൂടെയാണ് റഗുവേൽ സാറായുടെ വിവാഹം നടത്തിയത്. എന്നാൽ ആദ്യരാത്രിയിൽ തന്നെ അസ്മോദേവൂസ് എന്ന ദുഷ്ടപിശാച് അവളുടെ ഭർത്താവിനെ വധിച്ചു. ഇത് സാറായെ മാത്രമല്ല അവളുടെ വീട്ടുകാരെയും ബന്ധുക്കളെയും ഏറെ ദുഃഖത്തിലാഴ്ത്തി. ഏറെനാൾ കഴിഞ്ഞ് പിതാവ് സാറായ്ക്ക് മറ്റൊരു വരനെ കണ്ടെത്തി വിവാഹം നടത്തി. എന്നാൽ ആ രാത്രിയിൽത്തന്നെ അവളുടെ ഭർത്താവിനെ അസ്മോദേവൂസ് കൊലപ്പെടുത്തി. അങ്ങനെ ഏഴുപ്രാവശ്യവും പിതാവ് മകളുടെ വിവാഹം നടത്തുകയും അസ്മോദേവൂസ് എന്ന ദുഷ്ടഭൂതം അവളുടെ ഭർത്താക്കന്മാരെ കൊലപ്പെടുത്തുകയും ചെയ്തു.



ജനം മുഴുവനും സാറായെ കളിയാക്കി. പിതാവിന്റെ പരിചാരികമാർപോലും സാറായെ അധിക്ഷേപിച്ചു. അവർ അവളോട് ഇങ്ങനെവരെ ചോദിച്ചു: "നീ തന്നെയല്ലേ ഭർത്താക്കന്മാരെ കഴുത്തുഞെരിച്ചുകൊന്നത്." അവർ അവളെ ശപിക്കുകയും പോയി മരിക്ക്- എന്തിന് ഇങ്ങനെ ജീവിക്കുന്നു എന്നുവരെ പറയുകയും ചെയ്തു. പരിഹാസത്തിന്റെ പര്യായമായിത്തീർന്ന സാറാ ദുഃഖാധിക്യത്താൽ മരിച്ചുകളയാം എന്നു ചിന്തിച്ചു. ആ നിമിഷം തന്നെ അവൾ സ്നേഹനിധിയായ തന്റെ പിതാവിനെ ഓർത്തു. താൻ മരിച്ചാൽ അത് പിതാവിന് അപമാനകരമാകും. അദ്ദേഹം വേദന കൊണ്ട് മരിക്കും. അതുകൊണ്ട് "എന്നെ ഈ ഭൂമിയിൽനിന്ന് മോചിപ്പിക്കണമേ" എന്ന് അവൾ ഹൃദയംനുറുങ്ങി ദൈവത്തോട് പ്രാർത്ഥിച്ചു. മറ്റൊന്നിലും ശ്രദ്ധിക്കാതെ പ്രാർത്ഥനയിൽ മാത്രം അവൾ ദിവസങ്ങൾ ചെലവഴിച്ചു. പരിശുദ്ധവും സംപൂജ്യവുമായ ദൈവനാമത്തിനു സ്തുതി പറഞ്ഞു പ്രാർത്ഥിച്ച അവളുടെ പ്രാർത്ഥന ദൈവസന്നിധിയിലെത്തി.

സാറായുടെ വിവാഹം നടത്തുവാനും, അസ്മോദേവൂസ് എന്ന ദുഷ്ടഭൂതത്തെ ബന്ധിക്കുവാനും ദൈവം തന്റെ ദൂതനായ റഫായേലിനെ നിയമിച്ചു. സാറായ്ക്ക് ഭർത്താവായി അവളുടെ കുലത്തിൽനിന്നുതന്നെ തോബിയാസ് എന്ന ആളെ ദൂതൻ കണ്ടെത്തി അവരുടെ വിവാഹം നടത്തിക്കൊടുക്കുകയും ചെയ്തു. റഫായേലിന്റെ നിർദേശപ്രകാരം തോബിയാസ് വിവാഹരാത്രിയിൽ ധൂപക്കലശത്തിൽ തീക്കനലിട്ട്, അതിൽ മത്സ്യത്തിന്റെ ചങ്കും, കരളും ഇട്ട് പുകച്ചു. ആ മണം ഏറ്റപ്പോൾ പിശാച് ഓടിപ്പോയി. ദൂതൻ ആ പിശാചിനെ ബന്ധിച്ചു. അങ്ങനെ സാറായും ഭർത്താവ് തോബിയാസും സന്തോഷത്തോടെ ജീവിച്ചു.


*വിപരീത സാഹചര്യങ്ങളിൽ നിരാശപ്പെടാതെ ദൈവകരുണയിൽ ആശ്രയിച്ചു ജീവിക്കാം.*

## 23

# ബേലിന്റെ അന്ത്യം

**ബാ**ബിലോണിൽ ബേൽ എന്നറിയപ്പെടുന്ന ഒരു പ്രതിമ ഉണ്ടായിരുന്നു. ബാബിലോണിയർ ആ പ്രതിമയെ ദൈവമായി ആരാധിച്ചുപോന്നു. ബേലിന് ശുശ്രൂഷചെയ്യുവാനായി എഴുപതു പുരോഹിതന്മാരും അവരുടെ ഭാര്യമാരും കുട്ടികളും അടങ്ങുന്ന ഒരു വലിയ സമൂഹവും ഉണ്ടായിരുന്നു. രാജാവിന്റെ കല്പന പ്രകാരം ബേലിന്റെ ഒരു ദിവസത്തെ ഭക്ഷണമായ പന്ത്രണ്ടു പറ നേരിയമാവും നാല്പത് ആടിന്റെ ഇറച്ചിയും ആറു കുപ്പി വീഞ്ഞും എല്ലാ ദിവസവും നല്കിയിരുന്നു. ബേലിനെ ആരാധിക്കുവാൻ രാജാവും പോയിരുന്നു.

രാജാവിന്റെ വിശ്വസ്ത സ്നേഹിതനായിരുന്ന ദാനിയേൽ ബേലിനെ ആരാധിച്ചിരുന്നില്ല. ഇതറിഞ്ഞ രാജാവ് ദാനിയേലിനോട് കാര്യം തിരക്കി. ബേൽ വെറും കളിമണ്ണ് പ്രതിമയാണെന്നും,



അതിനു ജീവനില്ലെന്നും, അതു ഭക്ഷണപാനീയങ്ങൾ കഴിക്കുകയില്ലെന്നും ദാനിയേൽ രാജാവിനെ അറിയിച്ചു. കോപംപൂണ്ട രാജാവ് പുരോഹിതരെ വിളിച്ചുവരുത്തി പറഞ്ഞു. കള്ളം പറയുന്നവർ ആരാണോ അവർ വധിക്കപ്പെടും. ദാനിയേലും പുരോഹിതരും അത് സമ്മതിച്ചു. രാജാവ് പതിവുപോലെ ബേലിന് അർപ്പിക്കുന്ന ഭക്ഷണപാനീയങ്ങൾ ഒരുക്കിവച്ചു. വാതിൽ പൂട്ടി തന്റെ മുദ്രമോതിരം കൊണ്ട് മുദ്രവയ്ക്കാനൊരുങ്ങിയപ്പോൾ ദാനിയേൽ പറഞ്ഞു. മാഹാരാജാവേ, അങ്ങു മാത്രം കാൺകെ ഞാൻ കൊണ്ടുവന്ന ചാരം തറയിൽ വിതറാൻ അനുവദിക്കണം. രാജാവ് അതു സമ്മതിച്ചു.

പിറ്റേ ദിവസം രാവിലെ ദാനിയേലിനെയും കൂട്ടി രാജാവ് എത്തി. വാതിൽ ഭദ്രം തന്നെ. രാജാവ് വാതിൽ തുറന്നു നോക്കിയപ്പോൾ പീഠത്തിൽ വച്ചിരുന്ന ഭക്ഷണപാനീയങ്ങൾ കാൺമാനില്ല. രാജാവ് അത്യുച്ചത്തിൽ അട്ടഹസിച്ചു. “ബേൽ നീ തന്നെ വലിയവൻ” അകത്തേക്കു കടക്കാൻ ശ്രമിച്ച രാജാവിനെ തടസ്സപ്പെടുത്തി ദാനിയേൽ ചിരിച്ചുകൊണ്ട് പറഞ്ഞു. “മഹാരാജാവേ അങ്ങ് വഞ്ചിതനാകരുത്. തറയിൽ കാണുന്ന നൂറുകണക്കിന് കാൽപ്പാടുകൾ ആരുടേതെന്ന് ശ്രദ്ധിച്ചാലും. പുരുഷന്മാരുടെയും സ്ത്രീകളുടെയും കുട്ടികളുടെയും കാൽപ്പാടുകൾ ശ്രദ്ധിച്ച രാജാവ് കോപംപൂണ്ട് ജ്വലിച്ചു. പുരോഹിതന്മാരേയും അവരുടെ ഭാര്യമാരേയും കുട്ടികളെയും പിടിച്ചുകെട്ടികൊണ്ടുവരാൻ കല്പിച്ചു. തന്റെ മുദ്രമോതിരംകൊണ്ട് മുദ്രകുത്തി അടയ്ക്കപ്പെട്ട മുറിയിൽ എങ്ങനെ കയറി.... പുരോഹിതർ പീഠത്തിന്റെ അടിയിൽ അവർ ഉണ്ടാക്കിയ രഹസ്യകവാടം രാജാവിന് കാണിച്ചുകൊടുത്തു. എന്നും രാത്രിയിൽ അവർ ആ കവാടത്തിലൂടെ കയറി ഭക്ഷണം കഴിച്ചിരുന്നു. രാജാവ് അവരെ എല്ലാവരേയും വധിക്കുകയും ബേലിനെ ദാനിയേലിന് വിട്ടുകൊടുക്കുകയും ചെയ്തു. ദാനിയേൽ ബേലിനേയും അതിന്റെ ആലയത്തേയും നശിപ്പിച്ചു. അന്നു മുതൽ രാജാവും ജനങ്ങളും ദാനിയേലിന്റെ ദൈവത്തെ ആരാധിച്ചുപോന്നു.

*സത്യദൈവത്തെ മാത്രമേ ആരാധിക്കാവൂ.*

# 24

# ഊരിലെ ദീനരോദനം

**അ**ട്ടപ്പാടിയിലെ ആദിവാസികളുടെ ഊര് ലക്ഷ്യമാക്കിയായിരുന്നു ആ യാത്ര... വഴിയോ വാഹനമോ ഇല്ലാത്ത കാലം... കുന്നുകളും, പുഴകളും കടന്ന് കാടിന്റെ വശത്തുകൂടിയുള്ള യാത്ര... മുമ്പേ പോകുന്ന വഴികാട്ടിയുടെ പിന്നാലെ ഞാനും എന്റെ സുഹൃത്തും നടന്നു നീങ്ങി... നട്ടുച്ചയ്ക്കും നല്ല തണുപ്പ്... കോടമഞ്ഞ് വന്നാൽ അടുത്തുനിൽക്കുന്ന ആളെപ്പോലും കാണാൻ സാധിക്കാത്ത അവസ്ഥ. സന്ധ്യയായാൽ കാട്ടാനയും, മുള്ളൻപന്നിയും ഇറങ്ങുമെന്നുള്ള ഭയവും...

ഒരു കുന്നിൻചെരുവിലെത്തിയപ്പോൾ വഴികാട്ടി കൈചൂണ്ടിക്കാണിച്ചു. ഒരാൾപൊക്കത്തിൽ കുറെ പുൽക്കൂനകൾ... അതെല്ലാം ആദിവാസി ഊരുകളാണ്. ഞങ്ങളുടെ ആകാംക്ഷ കൂടി... ആദ്യത്തെ ഊരിലെത്തിയപ്പോൾ – ഐശ്വര്യം തുളുമ്പിനിൽക്കുന്ന,



വൃത്തിയും വെടിപ്പും അടുക്കും ചിട്ടയുമുള്ള അന്തരീക്ഷം. ഉടുത്തിരിക്കുന്ന ചേലയുടെ അറ്റംകൊണ്ട് മാറു മറച്ച്, കൈകളിലും കാതുകളിലും നിറയെ ആഭരണങ്ങളണിഞ്ഞ്, മുറുക്കിച്ചുവന്ന പല്ലു കാണിച്ച് നിഷ്കളങ്കമായ ചിരിയുമായി നിൽക്കുന്ന കാഞ്ചി. വഴികാട്ടിയെ കണ്ടപ്പോഴുള്ള സ്നേഹപ്രകടനം ഞങ്ങളെ അദ്ഭുതപ്പെടുത്തി. നാലുകാലിൽ ഇഴഞ്ഞ് ഊരിന്റെ ഉള്ളിലേയ്ക്കു കയറിയപ്പോൾ ഒറ്റമുറിയുടെ ഒരു മൂല അടുക്കള, മറ്റൊരു മൂലയിൽ കിടപ്പ്. മരപ്പാത്രത്തിൽ തന്ന ചൂട് കട്ടൻകാപ്പിയുടെ സ്വാദ് ഒന്നു വേറെതന്നെ.

രണ്ടാമത്തെ ഊരും കടന്ന് മൂന്നാമത്തെ ഊരിലെത്തിയപ്പോൾ അവർ വീടിന്റെ അകത്തേക്കു കയറാൻ ഞങ്ങളെ അനുവദിച്ചില്ല. അവരുടെ ഭാഷയിൽ വഴികാട്ടിയോട് എന്തോ സംസാരിച്ചു. അകത്തുനിന്നുവന്ന ദീനരോദനം ഞാൻ ശ്രവിച്ചു. അവരോടൊപ്പം ഞങ്ങളും അകത്തു കയറി. ഉടുത്തിരുന്ന ചേല പുതച്ചുകിടക്കുന്ന ഒരു സ്ത്രീ. വേദനയാൽ ഏങ്ങിയേങ്ങി കരയുന്നു. പുതപ്പ് മാറ്റിനോക്കിയപ്പോൾ പുറകുവശത്ത് വലിയ ഒരു വ്രണം. അതിൽ പുഴുക്കൾ... മണംകൊണ്ട് അടുക്കാൻ പറ്റാത്ത അവസ്ഥ. ചെറുചൂടുവെള്ളത്തിൽ വ്രണം കഴുകി, പുഴുക്കളെ കളഞ്ഞ് നാളെ മരുന്നുമായി വരാം എന്നു പറഞ്ഞു ഞങ്ങൾ പോന്നു. ഒരാഴ്ച ആവശ്യമായ മരുന്നുകളുമായി ഞങ്ങൾ ആ ഊരിൽപോയി ശുശ്രൂഷിച്ചു. വ്രണം ഭേദപ്പെട്ടു. ഊരിലുണ്ടായിരുന്നവരെ വൃത്തിയാക്കാനും, മരുന്നു വച്ചുകെട്ടാനും പഠിപ്പിച്ചു. ഒരുമാസം കഴിഞ്ഞപ്പോൾ ആ സ്ത്രീ നടന്ന് ഞങ്ങളുടെ അടുക്കൽ വന്ന് നന്ദി പറഞ്ഞ്, രണ്ടുകൈകളിലും മാറി മാറി ചുംബിച്ചത് ഇന്നും കുളിർമയേകുന്നു.

*പാവപ്പെട്ടവരിലേക്ക് ഇറങ്ങിച്ചെല്ലുവാനും ശുശ്രൂഷിക്കുവാനും കിട്ടുന്ന അവസരങ്ങൾ നഷ്ടമാക്കരുത്. അതാണ് യഥാർത്ഥത്തിലുള്ള ആനന്ദം പ്രദാനം ചെയ്യുന്നത്.*

## 25

# മടക്കയാത്ര

**അ**നുപ്രിയ ചുറ്റും നോക്കി... മുഖപരിചയമുള്ള ആരെയും പ്ലാറ്റ്ഫോമിൽ കാണുന്നില്ല... തെല്ലൊരാശ്വാസം... ആരും തന്നെ കാണാതിരിക്കുവാൻ അവൾ ആഗ്രഹിച്ചു... ആളൊഴിഞ്ഞ ഒരു കംപാർട്ടുമെന്റിനായി അവൾ പരതി... ട്രെയിൻ നിന്നപ്പോൾത്തന്നെ അവൾ കയറി ഒരു കോണിൽ ഇരിപ്പുറപ്പിച്ചു... ഓടിക്കൊണ്ടിരിക്കുന്ന ട്രെയിന്റെ ജനാലയിലൂടെ അവൾ പുറത്തേക്കു നോക്കി. അലക്ഷ്യമായ നോട്ടം... ലക്ഷ്യമില്ലാത്ത യാത്ര... നിസംഗത പടർന്നു പന്തലിച്ച മനസ്സ്... എങ്ങോട്ടെന്നറിയില്ല...വീട് വിട്ടുപോകുകതന്നെ.



അനുപ്രിയ മാതാപിതാക്കളുടെ ഏക മകളാണ്. അതുകൊണ്ടു തന്നെ അവൾക്ക് ഒരു ആപത്തും അപകടവും വരാതിരിക്കാൻ - സുരക്ഷിതയായിരിക്കുവാൻ അവർ ഏറെ ശ്രദ്ധിച്ചിരുന്നു. കൂട്ടുകാരോടൊപ്പം ടൗണിൽ കറങ്ങി നടക്കുക, സിനിമയ്ക്കു പോകുക, അവരുടെ വീടുകളിൽ താമസിക്കുക

ഇതിനൊന്നും അവർ മകളെ അനുവദിച്ചിരുന്നില്ല. ഹോസ്റ്റലിൽ താമസിക്കുന്നവരും മാതാപിതാക്കൾ വിദേശത്ത് ആയിരിക്കുന്നവരും അവരുടെ ഇഷ്ടമനുസരിച്ച് ജീവിക്കുന്നു. തനിക്കുമാത്രം എല്ലാത്തിനും വിലക്ക് - അതാണ് അനുപ്രിയയുടെ സങ്കടം. ഇപ്പോഴിതാ ഒരു സ്കൂട്ടർ വാങ്ങിച്ചുകൊടുക്കാത്തതിനാണ് അവൾ വീടുവിട്ട് ഇറങ്ങിയിരിക്കുന്നത്. തനിക്കുമാത്രം സ്വാതന്ത്ര്യമില്ല, തന്നെ ആർക്കും ഇഷ്ടമില്ല എന്നിങ്ങനെയുള്ള ചിന്തകൾ അവളെ കീഴ്പ്പെടുത്തി. ചിന്തകൾ കാടുകയറിയപ്പോൾ കാർമേഘം മനസിൽ ഉരുണ്ടുകൂടി. ട്രെയിന്റെ നീണ്ട ചൂളംവിളിയാണ് അവളെ ചിന്താലോകത്തുനിന്നും വർത്തമാന ലോകത്തേക്ക് കൊണ്ടുവന്നത്.


തന്റെ എതിർ സീറ്റിൽ ഒരാൾ കൈക്കുഞ്ഞുമായി ഇരിക്കുന്നു. ഏതാണ്ട് എട്ടുമാസം പ്രായമായ കുഞ്ഞ്. കട്ടിയുള്ള വെളുത്ത ടർക്കിയിൽ പൊതിഞ്ഞ്... കുഞ്ഞ് ഉറങ്ങാനും കാറ്റടിക്കാതിരിക്കാനും അയാൾ വളരെയധികം ശ്രദ്ധിക്കുന്നു. കുഞ്ഞിന്റെ അമ്മയുടെ പക്കൽ ഒരു ബാഗു നിറയെ കുഞ്ഞിന്റെ ഉടുപ്പുകളും മറ്റു വസ്ത്രങ്ങളും, മറ്റൊരു ബാഗിൽ പാലും കുപ്പികളും, മറ്റൊന്നിൽ കുഞ്ഞ് ഉണർന്നാൽ കൊടുക്കുവാനുള്ള കളിപ്പാട്ടങ്ങൾ. രണ്ടുപേരും കുഞ്ഞിനെ മാത്രം ശ്രദ്ധിക്കുന്നു. അവർ മാറി മാറി കുഞ്ഞിനെ എടുത്ത് ഓമനിക്കുന്നതും, താലോലിക്കുന്നതുമെല്ലാം കണ്ടപ്പോൾ അനുപ്രിയയുടെ ചിന്തകൾ തന്റെ ഭൂതകാലത്തേക്കുപോയി. ഭൂതകാലത്തിന്റെ മധുരസ്മരണകൾ നിറകണ്ണുകളായി... ഏങ്ങലടികളായി... എടുത്തുചാട്ടത്തിന്റെ വേദന അവൾക്ക് സഹിക്കാനായില്ല... അവൾ സമയം നോക്കി. വേഗം തിരിച്ചുപോയാൽ ആരുമറിയാതെ വീട്ടിലെത്താം. കണ്ണുനീർ തുടച്ച്, കണ്ഠം ശുദ്ധിവരുത്തി ഫോൺ എടുത്ത് അവൾ വിളിച്ചു. "ഡാഡി ഇന്ന് ട്യൂഷനുണ്ട് ഞാനല്പം താമസിക്കും." മറുപടിയായി ഡാഡി പറഞ്ഞു "എങ്കിൽ മോളെ ഞാൻ അങ്ങു വരാം." "വേണ്ട ഡാഡി കൂട്ടുകാരുണ്ടല്ലോ... ഞാൻ വന്നോളാം... ഫോൺ ബാഗിലിട്ട് അവൾ പുറത്തേക്ക് നോക്കി. ട്രെയിൻ നിന്നതേ മടക്കയാത്രയ്ക്കുള്ള ടിക്കറ്റിനായി അവൾ കൗണ്ടറിലേക്ക് ഓടി.

*ഏതു തീരുമാനത്തിനുമുമ്പും മതിയായ ആലോചന ആവശ്യമാണ്.*

# 26

# ആനയെ വെല്ലുന്ന ആന്തരികശക്തി

**മ**ഞ്ഞുമ്മേലച്ചൻ... മഞ്ഞുമ്മേലാശ്രമത്തിന്റെ സ്ഥാപകനും, ഗ്രാമവാസികൾക്ക് ആത്മീയ പിതാവും ആണ്. വയസ് തൊണ്ണൂറ് കഴിഞ്ഞെങ്കിലും ഓർമ്മശക്തിക്ക് ഒരു കുറവുമില്ല. ഗ്രാമവാസികളെയെല്ലാം ഇപ്പോഴും പേരുചൊല്ലി വിളിക്കും. കാലിന്റെ ബലക്ഷയം കാരണം പുറത്തിറങ്ങാറില്ല. എപ്പോഴും ആശ്രമത്തിലെ ചാപ്പലിലും തന്റെ മുറിയിലുമായി പ്രാർത്ഥനയിലും ധ്യാനത്തിലുമായി കഴിയും. ഗ്രാമവാസികൾ തങ്ങളുടെ ജീവിതപ്രശ്നങ്ങളിൽ അത്താണിയായി ഓടിയെത്തുന്നത് മഞ്ഞുമ്മേലച്ചന്റെ അടുക്കലേക്കാണ്. കരയാനും, ചിരിക്കാനും, പങ്കുവയ്ക്കാനും... മഞ്ഞുമ്മേലച്ചൻ എല്ലാം കേട്ട് ആവശ്യമായ ഉപദേശങ്ങൾ നൽകി പ്രാർത്ഥിച്ച് തന്റെ കൈവശം എപ്പോഴും ഉള്ള നീണ്ട കൊന്തയിലെ മരക്കുരിശുകൊണ്ട് ആശീർവദിച്ച് അനുഗ്രഹിച്ചുവിടും. അതോടെ അവരുടെ സങ്കടങ്ങളും മാറും.



അന്ന് ആശ്രമത്തിൽ മറ്റാരും ഉണ്ടായിരുന്നില്ല. അച്ചൻ ചാപ്പലിലിരുന്ന് കൊന്ത ചൊല്ലുന്നു... ഒരാരവം കേട്ട് അച്ചൻ മെല്ലെ നടന്ന് വരാന്തയിലേക്കിറങ്ങി... "ഓടിക്കോ... വഴിമാറിക്കോ...ആന മദം പൊട്ടി വരുന്നേ..." എന്നു വിളിച്ചുപറയുന്ന ശബ്ദം... അമ്പലത്തിലെ എഴുന്നള്ളത്തിന്റെ നെറ്റിപ്പട്ടവുമായി നിൽക്കുന്ന ഗജവീരൻ... ആശ്രമത്തിന്റെ ഗേറ്റ് ഇളക്കുന്നു. ബഹളം കേട്ട് ഓടിവന്ന കുശിനിക്കാരൻ തോമ്മാച്ചേട്ടൻ വിളിച്ചുപറഞ്ഞു. "അച്ചോ... ചതിച്ചു..." ആശ്രമത്തിന്റെ പടിവാതിൽക്കലെത്തിയ അച്ചൻ തന്റെ കൈയിലെ നീണ്ട കൊന്തയെടുത്ത് ആനയുടെ നേർക്ക് ഉയർത്തിപ്പിടിച്ചു. അച്ചൻ ആനയുടെ കണ്ണുകളിലേക്ക് നോക്കി എന്തൊക്കെയോ പിറുപിറുത്തു... ഗേറ്റിൽനിന്നും പിടിവിട്ട് ആന തന്റെ തുമ്പിക്കൈ ഉയർത്തി അച്ചനെ വന്ദിച്ച്, അനുസരണയുള്ള കുട്ടിയെപ്പോലെ മുന്നോട്ടു നടന്നുനീങ്ങി.


എല്ലാ ജീവജാലങ്ങളുടെയുംമേൽ ആധിപത്യം നൽകിക്കൊണ്ടാണ് ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചത്. പരിശുദ്ധാത്മാവ് കുടികൊള്ളുന്ന മനുഷ്യന്റെ ആന്തരികശക്തി വളരെ വലുതാണ്. അത് ദൈവത്തോളം ഉയർന്നതാണ്. ചാരത്തിനടിയിൽ കിടക്കുന്ന കനൽ പോലെയാണ്. ആ കനലിനെ പുറത്തെടുത്ത് ഊതിക്കത്തിച്ചാലുണ്ടാകുന്ന അഗ്നിപോലെയാണ് നമ്മുടെ ഉള്ളിലെ ആന്തരികശക്തി-അഥവാ നമ്മുടെ ഉള്ളിലെ പരിശുദ്ധാത്മാവ്. വി. പൗലോസു ശ്ലീഹാ ഉപദേശിക്കുന്നതുപോലെ നമുക്ക് നമ്മുടെ ഉള്ളിലെ ആന്തരിക മനുഷ്യനെ ശക്തിപ്പെടുത്താം.

*പരിശുദ്ധാത്മാവിന്റെ വരദാന ഫലങ്ങൾക്കുവേണ്ടി ആഗ്രഹിച്ചു പ്രാർത്ഥിക്കണം.*

# 27

# സത്തയില്ലാത്ത ആഘോഷം

**മാ**ത്യൂസ് മുതലാളിയുടെ കൊച്ചുമകന്റെ മാമ്മോദീസയാണ്. അദ്ദേഹത്തിന്റെ പത്തുമക്കളും, മരുമക്കളും, കൊച്ചുമക്കളും ബന്ധുജനങ്ങളുമെല്ലാം ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നുമായി എത്തിച്ചേർന്നിട്ടുണ്ട്. പത്തുമക്കളിൽ ഇളയവന്റെ ആദ്യത്തെ കുട്ടിയുടേതാണ് മാമ്മോദീസ. ഈ മാമ്മോദീസ എങ്ങനെയെല്ലാം ആഘോഷമാക്കാം എന്നുമാത്രമാണ് മാത്യൂസ് മുതലാളിയുടെ ചിന്ത. സ്ത്രീകൾക്കെല്ലാം ഒരേപോലുള്ള കാഞ്ചിപുരം സാരി......പുരുഷന്മാർക്കെല്ലാം ഒരേ നിറത്തിലുള്ള സിൽക്ക് ഷർട്ട്, രൂപതയിലെ വൈദികർക്കെല്ലാം ക്ഷണമുണ്ട്. മെത്രാനച്ചനും വരുന്നുണ്ട്. കാരണം മാത്യൂസ് മുതലാളിയും, മക്കളും എല്ലാവർക്കും വേണ്ടപ്പെട്ടവരും, പ്രിയപ്പെട്ടവരുമാണ്.



സമയത്തിനു മുമ്പേ പള്ളിയങ്കണം തിരക്കിലായി. നിരനിരയായി കാറുകൾ... ആടയാഭരണങ്ങളോടെ ആബാലവൃദ്ധം ജനങ്ങൾ... വിലയേറിയ പെർഫ്യൂമിന്റെ ഗന്ധം... പള്ളിക്കകവും അൾത്താരയും പൂക്കളാലലംകൃതം. പേരുകേട്ട ഗായകസംഘം... ക്യാമറ... വീഡിയോ... കർമ്മങ്ങൾ ആരംഭിക്കാൻ പോകുന്നു എന്ന വികാരിയച്ചന്റെ അറിയിപ്പ്... പള്ളിപ്പരിസരത്ത് കൂട്ടംകൂടി നിന്ന് കുശലം പറഞ്ഞിരുന്നവർ ധൃതിയിൽ പള്ളിക്കകത്തേക്ക് പ്രവേശിച്ചു...


തിരുവസ്ത്രങ്ങളണിഞ്ഞ് വൈദികർ നിരനിരയായി അൾത്താരയിലേക്ക്... ഏറ്റവും പിറകിലായി മെത്രാനച്ചനും... പള്ളിയുടെ നടുവിലൂടെ മെത്രാനച്ചൻ ആനവാതിൽക്കലേക്കു നടന്നു... പിന്നാലെ വൈദികരും... ക്യാമറകളും, വീഡിയോകളും സജീവമായി. ആനവാതിൽക്കലെത്തിയ മെത്രാനച്ചൻ കല്പിച്ചു "കുഞ്ഞിനെ മുന്നോട്ടുകൊണ്ടുവരിക" വലിയ തിക്കും തിരക്കും... മെത്രാനച്ചൻ വീണ്ടും പറഞ്ഞു... കുഞ്ഞിനെ മുന്നോട്ടു കൊണ്ടുവരിക... മാത്യൂസ് മുതലാളി പുറകോട്ടു തിരിഞ്ഞു പറഞ്ഞു. "എടാ തോമ്മാച്ചാ... കുഞ്ഞിനെ മുന്നോട്ടു കൊണ്ടുവരിക... തോമ്മാച്ചൻ പുറകോട്ടു തിരിഞ്ഞു പറഞ്ഞു "അച്ചാമ്മെ കുഞ്ഞിനെ കൊണ്ടുവരിക... അച്ചാമ്മ പറഞ്ഞു എടീ മോളിക്കുട്ടി കുഞ്ഞിനെ കൊണ്ടുവരിക..." "കുഞ്ഞെവിടെ..." എല്ലാവരും പരസ്പരം ചോദിച്ചു... തിരക്കിനിടയിൽ ഉറങ്ങിക്കിടന്ന കുഞ്ഞിനെ എടുക്കാൻ എല്ലാവരും മറന്നിരിക്കുന്നു... എല്ലാവരുടെയും മുഖം ഇളിഭ്യമായി... അതും വീഡിയോയിൽ തെളിഞ്ഞു.

*വിശുദ്ധിയോടെ വിശുദ്ധ സ്ഥലങ്ങളിൽ പ്രവേശിച്ച് വിശുദ്ധ കർമങ്ങളിൽ പങ്കെടുക്കാം. സത്തയില്ലാത്ത ആഘോഷങ്ങളെ അകറ്റാം.*

## 28

# ഭൂമിയിലെ മാലാഖ

**നാ**ളെ പുതുവർഷത്തിന്റെ പുത്തൻ പുലരി... നാടെങ്ങും ദീപാലങ്കാരങ്ങൾ... കുട്ടികൾ പടക്കം പൊട്ടിച്ച് പുത്തനാണ്ടിനെ വരവേൽക്കുന്നു... സ്നേഹമോളുടെ മനസ്സിലും പൂത്തിരി കത്തി... പതിവുപോലെ ഈ പുതുവർഷത്തിലും മാലാഖ പുത്തനുടുപ്പ് കൊണ്ടുവരും.... പുതുവർഷരാവിൽ പുത്തനുടുപ്പ് ഉമ്മറപ്പടിയിൽ വയ്ക്കുന്ന മാലാഖയെ ഒന്നു കാണുവാൻ ആ ഇളം മനസ്സ് കൊതിച്ചു. വെളുത്ത ഉടുപ്പും, വെളുത്ത ചിറകുമായി പറന്നുവരുന്ന മാലാഖ. എത്ര ഭംഗിയായിരിക്കും... ഉറങ്ങാതെ അവൾ കാത്തിരുന്നു. ഏറെനേരം കഴിഞ്ഞപ്പോൾ ഒരു ചെറിയ ശബ്ദം... ഓ! മാലാഖ.... സ്നേഹമോൾ ജനാലയിലൂടെ എത്തി



നോക്കി... തന്റെ പ്രിയ കൂട്ടുകാരി ആൻ മരിയ ഒരു പൊതികൊണ്ടുവന്ന് ഉമ്മറപ്പടിയിൽ വച്ചിട്ടു നടന്നുപോകുന്നു. "ആൻ മരിയ...". അവൾ ഉറക്കെ വിളിച്ചു.

പോലീസിന്റെ മുമ്പിലെ കള്ളനെപ്പോലെ ആൻമരിയ നിന്നു. കണ്ണുമിഴിച്ചു നിൽക്കുന്ന സ്നേഹമോളോട് അവൾ പറഞ്ഞു. "നമ്മൾ ഒന്നാംക്ലാസിൽ പഠിക്കുമ്പോൾ പുതുവർഷത്തിൽ പുത്തനുടുപ്പിനായി നീ ശാഠ്യം പിടിച്ചു കരഞ്ഞപ്പോൾ നിന്റെ അമ്മ നിന്നെ ആശ്വസിപ്പിച്ചുകൊണ്ടു പറഞ്ഞു. മോൾക്ക് മാലാഖ രാത്രിയിൽ പുത്തനുടുപ്പ് കൊണ്ടുവന്നു തരും എന്ന്.' ഈ സന്തോഷ വാർത്ത ഞാൻ എന്റെ അമ്മയോടു പറഞ്ഞപ്പോൾ അമ്മ പറഞ്ഞു. 'മോളെ നീയാണ് ആ മാലാഖ ..... അന്നു ഞാൻ ഉമ്മറപ്പടിയിൽ കൊണ്ടുവന്നു വച്ച പുത്തനുടുപ്പിട്ട് നീ പള്ളിയിൽ വന്നപ്പോൾ സ്വർഗത്തിലെ മാലാഖമാരുടെ സന്തോഷം എനിക്ക് അനുഭവിക്കുവാൻ കഴിഞ്ഞു. ആ സന്തോഷം വീണ്ടും വീണ്ടും അനുഭവിക്കുന്നതിനാണ് എല്ലാവർഷവും ഞാൻ പുത്തനുടുപ്പുമായി വരുന്നത്. സ്നേഹമോൾ കൂട്ടുകാരിയുടെ ചെവിയിൽ മന്ത്രിച്ചു. "നീ ഭൂമിയിലെ മാലാഖ ആണ്."

*നമുക്കും ഭൂമിയിലെ മാലാഖമാരാകാം. നമ്മുടെ കൂട്ടുകാരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് അവരെ സഹായിക്കാം. നമ്മുടെ സമ്പത്തും അറിവും കൂട്ടുകാരുമായി പങ്കുവയ്ക്കാം.*

## 29

# പ്രതിബിംബം ഗുരു

**ആ**രും ഇല്ലാത്ത ഇടം അന്വേഷിച്ചാണ് അരവിന്ദ് അമ്പലക്കുളം ലക്ഷ്യമാക്കി നടന്നത്. സ്കൂൾ യൂണിഫോം ധരിച്ച്, തോളിൽ ബാഗുമായി പോകുന്നത് ആരെങ്കിലും കാണുമോ.... ചുറ്റും നോക്കി... ആരുമില്ല. ചെറിയ കുറ്റിക്കാട്ടിലൂടെ വേഗം നടന്നു. സ്കൂളിലേക്ക് പോകാൻ പറ്റില്ല. കാരണം ഹോംവർക്കുകളൊന്നും ചെയ്തിട്ടില്ല... ക്ലാസ് പരീക്ഷയ്ക്ക് പഠിച്ചിട്ടുമില്ല. വീട്ടിലിരിക്കാനും പറ്റില്ല. അമ്മ വഴക്കുപറയും. എങ്ങനെയും നാലുമണിവരെ എവിടെയെങ്കിലും അഭയം കണ്ടെത്തണം. അമ്മ തന്നുവിട്ട പൊതിച്ചോറ് ഉച്ചയ്ക്ക് കഴിക്കാം. ആരുമറിയാതെ അമ്പലക്കുളത്തിന്റെ പരിസരത്ത് തങ്ങി നാലുമണിയാകുമ്പോൾ വീട്ടിലേക്ക് പോകാം... പരീക്ഷയും പഠനവും ഒക്കെ കണ്ടുപിടിച്ചവരെ മനസ്സിൽ ശപിച്ചുകൊണ്ട് നടന്നു... ക്ലാസ് ടീച്ചറിന്റെ മാത്രമല്ല, ഓരോ വിഷയം പഠിപ്പിക്കുന്നവരുടെ ശാസനകളും, കുറ്റ



പ്പെടുത്തലുകളും സഹിക്കാൻ വയ്യ.... വീട്ടിലെത്തിയാൽ അമ്മയുടെ വീതം വേറെയും. അമ്പലക്കുളക്കരയിലെത്തിയപ്പോൾ ആശ്വാസ മായി. ഇനി തന്നെ ആരും കാണുകയില്ല.

ഭാരമേറിയ ബാഗ് മരച്ചുവട്ടിൽ ഇറക്കിവച്ചപ്പോൾ എന്തൊരാ ശ്വാസം... ശരീരത്തിന്റെ മാത്രമല്ല മനസ്സിന്റെയും ഭാരമാണ് ഇറ ങ്ങിയത്. പക്ഷേ, അജ്ഞാതമായ ഒരു ഭയം തന്നെ കീഴ്പ്പെടുത്തി. ജീവിതത്തിൽ ആദ്യമായിട്ടാണ് പെറ്റമ്മയെ വഞ്ചിക്കുന്നത്... അധ്യാപകരെ വഞ്ചിക്കുന്നത്... ഇത് അമ്മ അറിഞ്ഞാൽ... അവന്റെ മനസ്സിൽ കാർമേഘം ഉരുണ്ടുകൂടി... മനസ്സിന്റെ പിരിമുറുക്കം ശരീ രമാകെ പടർന്നു. നെഞ്ചിടിപ്പ് വർദ്ധിച്ചു. അവൻ എണീറ്റു നടന്നു. അമ്പലക്കുളത്തിന്റെ ചുറ്റുമതിലിൽ പിടിച്ച് താഴേക്കു നോക്കി. നിശ്ചലമായ തെളിനീരിൽ തന്റെ പ്രതിബിംബം കണ്ടു. അവൻ ഞെട്ടിപ്പോയി.... കള്ളമുതൽ കൈയിലിരിക്കുന്നവന്റെ പരിഭ്രാന്തി മുഖത്ത്... പാറിപ്പറക്കുന്ന മുടി... ജലം വറ്റിയ ചുണ്ടുകൾ... കള്ള ലക്ഷണമുള്ള കണ്ണുകൾ.... തന്റെ പ്രതിബിംബത്തിലേക്ക് ഏറെ നേരം നോക്കിനിന്ന അവന്റെ കണ്ണുകളിൽനിന്നും കണ്ണുനീർ ധാര ധാരയായി ഒഴുകി. ആരും പഠിപ്പിക്കാത്ത പാഠങ്ങൾ പ്രതിബിംബം അവനെ പഠിപ്പിച്ചു. കാതുകളിൽ പലതും മന്ത്രിച്ചു. സുബോധം തിരിച്ചുകിട്ടയവനെപ്പോലെ– കണ്ണുനീർ തുടച്ച്– ബാഗും എടുത്ത് അവൻ സ്കൂളിലേക്ക് ഓടി. ക്ലാസ്ടീച്ചർ എത്തും മുമ്പ് ക്ലാസ്സിൽ പ്രവേശിക്കണം. ആ ഓട്ടത്തിൽ അവൻ വിജയിച്ചു.

*മുഖം മനസ്സിന്റെ കണ്ണാടിയാണ്. അതുകൊണ്ട് നമ്മുടെ മുഖം ഭംഗിയുള്ളതാകണമെങ്കിൽ– സൗന്ദര്യമുള്ളതാകണമെങ്കിൽ– നമ്മുടെ മനസ്സ് ഭംഗിയുള്ളതാകണം– സൗന്ദര്യമുള്ളതാകണം. മനസ്സിന്റെ സൗന്ദ ര്യത്തെ വർധിപ്പിക്കുന്ന കാര്യങ്ങളിൽ നമുക്ക് വ്യാപരിക്കാം.*

# 30

# കാഴ്ചയും കാഴ്ചപ്പാടും

വഴിയോരത്തുകൂടി അമ്മയുടെ കരം പിടിച്ച് കരഞ്ഞുകൊണ്ട് നടന്നു നീങ്ങുന്ന അപ്പു. ഇഷ്ടപ്പെട്ട, വിലകൂടിയ 'ഷൂസ്' ലഭിക്കാത്തതിന്റെ ദു:ശാഠ്യം. കൂലിപ്പണിചെയ്ത് ലഭിക്കുന്നതിൽനിന്നും ബാക്കിവച്ച അഞ്ഞൂറുരൂപയുമായിട്ടാണ് അപ്പുവിനെയുംകൂട്ടി ചെരുപ്പു വാങ്ങിക്കുവാൻ അമ്മ പുറപ്പെട്ടത്. അപ്പുവിന് ഇഷ്ടപ്പെട്ട 'ഷൂസ്' വാങ്ങുവാൻ ആ രൂപ മതിയാകുമായിരുന്നില്ല. ആ അഞ്ഞൂറുരൂപ ഇടതുകൈയിലും, വലതുകരംകൊണ്ട് അമ്മയുടെ വിരൽത്തുമ്പിലും പിടിച്ചു നടന്നു നീങ്ങുമ്പോൾ വഴിയോരക്കാഴ്ചകൾ അപ്പുവിന്റെ കരച്ചിലിന് ഇടവേളകളായി. തുണി



കടകളിലെ ബൊമ്മകൾ... തൂക്കിയിട്ടിരിക്കുന്ന വർണക്കുടകൾ... സ്കൂൾ ബാഗുകൾ, നക്ഷത്രവിളക്കുകൾ. കളിപ്പാട്ടങ്ങൾ... തല തിരിച്ച് ഇരുവശങ്ങളിലേക്കും മാറി മാറി നോക്കിയുള്ള അവന്റെ നടത്തത്തിന്റെ വേഗത കുറഞ്ഞു. ഏങ്ങലടികൾ ഇല്ലാതായി.

കണ്ണഞ്ചിപ്പിക്കുന്ന കാഴ്ചകൾക്കിടയിൽ എവിടെയോ കണ്ണുടക്കിയ അവൻ അമ്മയുടെ കരംവിട്ട് മെല്ലെ മെല്ലെ നടന്നു. സംശയത്തോടും അദ്ഭുതത്തോടുംകൂടെ സൂക്ഷിച്ചു നോക്കി.. തന്റെ പ്രായമുള്ള ഒരു കുട്ടി വഴിയോരത്തിരിക്കുന്നു. അവന് കാല്പാദം ഇല്ല. വേദനയുടെ ഒരുപാടു കഥകൾ പറയുന്ന അവന്റെ കണ്ണുകളിലേക്കും, മുമ്പിൽ വിരിച്ചിട്ടിരിക്കുന്ന കീറത്തുണിയിലെ നാണയത്തുട്ടുകളിലേക്കും അപ്പു മാറി മാറി നോക്കി. കൈയിൽ ഭദ്രമായി സൂക്ഷിച്ചിരുന്ന അഞ്ഞൂറുരൂപ നോട്ട് അവന്റെനേരെ നീട്ടിക്കൊണ്ട് അപ്പു പറഞ്ഞു "എനിക്ക് ഷൂസ് വേണ്ട. നീ ഇതുകൊണ്ട് "ഷൂസ്" വാങ്ങിച്ചോളു. നിറഞ്ഞ മനസ്സോടെ, തിളങ്ങുന്ന കണ്ണുകളോടെ അവന്റെ നേരെ നോക്കി പുഞ്ചിരി തൂകിക്കൊണ്ട് അപ്പു തിരിച്ചുനടന്നു.

ഈ സമയംവരെ തന്നെ വഴക്കുപറഞ്ഞിരുന്ന അമ്മ ഇരുകൈകളും നീട്ടി വാരിപ്പുണർന്നാശ്ലേഷിച്ച് ഏങ്ങലടിച്ചു കരയുന്നതെന്തിനെന്ന് അപ്പുവിന് മനസ്സിലായില്ല.

*നാം ദിവസവും ധാരാളം കാഴ്ചകൾ കാണുന്നുണ്ട്. ആവശ്യവും അനാവശ്യവുമായ എത്ര എത്ര കാഴ്ചകൾ... നാം കാണുന്ന കാഴ്ചകൾ നമ്മെ കാഴ്ചപ്പാടുകളിലേക്ക് നയിക്കുന്നുണ്ടോ? നമ്മുടെ കാഴ്ചപ്പാടുകൾക്കെന്തേ മാറ്റം വരാത്തത്? ഈശോയുടെ കണ്ണുകളിലൂടെ കണ്ട്, ഈശോയുടെ കാഴ്ചപ്പാടുകളിലേക്ക് ഉയരാം.*

# ചെറു ചിരാതുകൾ

**സി. ബെസി എസ്.ജെ.സി**



മങ്ങിയ മൂല്യങ്ങളുടെ സന്ധ്യയിലാണ് മനസ്സുകൾ.
നന്മ ഇരുളിലും പ്രകാശിക്കുന്നു. ചുവടുകളുറപ്പിക്കാൻ
പ്രകാശം കൂടിയെ തീരൂ. ചെറു ചിരാതുകളുടെ വെളിച്ചം
അതിനുതകും. ഈ അക്ഷരക്കൂട്ടിന്റെ ജ്വാലകൾ
വായനക്കാർക്ക് വെള്ളിവെളിച്ചമാകുമെന്ന ഉറച്ച പ്രതീക്ഷയുണ്ട്.
അത് യാഥാർത്ഥ്യമാകുമ്പോൾ ഇതിന് പിന്നിലെ പ്രയത്നവും
അർത്ഥപൂർണമാകും. താളുകൾ മറിക്കുമ്പോൾ
വെളിച്ചം നിറയാൻ പ്രാർത്ഥിക്കുന്നു.

₹: 50/-

St. Joseph's Congregation Kottayam